കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൂവാറ്റുപുഴ നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

.

**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം**

**e-mail:lfadekm@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെ.എം.(എം.2)299/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ് , എറണാകുളം,
ഇ മെയിൽ doekm.ksad@kerala.gov.in
ഫോൺ.0484 -2422271

തീയതി:27.03.2019,

ജോയിന്റ് ഡയറക്ടർ

.
ചെയർപേഴ്സൺ,
മൂവാറ്റുപുഴ നഗരസഭ (സെക്രട്ടറി മുഖാന്തിരം)

.
സർ,

വിഷയം :- മൂവാറ്റുപുഴ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :-</u>
1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്,എറണാകുളം.
5)ഓഫീസ് കോപ്പി.

.
നം.കെ.എസ്.എ.-ഇ.കെ.എം(എം.2) 299/2019

തീയതി: 27.03.2019

## <u>എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:</u>

**(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 1.10.2017 മുതൽ 31.3.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി

പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.2019മുതൽ 14.2.2019 വരെ. |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. ജിനിൽ റോയ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രതീഷ്.സി.ആർ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ജലജ.എം.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റഷീദ്.സി.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജോർജ്ജ്കുട്ടി ജോസഫ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സ്വപ്ന.വി | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർപേഴ്സൺ | ശ്രീമതി. ഉഷാ ശശിധരൻ | 1.4.2017 | 31.3.2018 |
| വൈസ് ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.പി.കെ.ബാബുരാജ് | 1.4.2017 | 31.3.2018 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി ഉമാമത്ത് സലിം | 1.4.2017 | 31.3.2018 |
| ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി രാജി ദിലീപ് | 1.4.2017 | 31.03.2018 |
| വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി പ്രമീള ഗിരീഷ്കുമാർ | 1.4.2017 | 31.3.2018 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ സി.എം.സീതി | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീ എം.എ.സഹീർ | 1.4.2017 | 31.3.2018 |
| സെക്രട്ടറി | ശ്രീ.ഷിബു.വി.പി. | 1.4.2017 | 31.03.2018 |

**മറ്റു നിർവ്വഹണോദ്യോഗസ്ഥരുടെ പേരു വിവരം**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി അമ്പിളി.റ്റി.എ | 01.04.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.മൻസൂർ.റ്റി.എ | 01.04.2017 | 31.3.2018 |

| | | | |
|---|---|---|---|
| ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്.എസ്., മൂവാറ്റുപുഴ | ശ്രീമതി അജിതാ കുമാരി | 1.4.2017 | 31.3.2018 |
| കൃഷി ഓഫീസർ | ശ്രീ.പ്രസാദ് .ടി.യു | 1.4.2017 | 08.8.2017 |
| | ശ്രീ.ജോസഫ്.എൻ.ജി | 09.08.2017 | 31.03.2018 |
| വെറ്റിനറി സർജൻ | ഡോ. രഞ്ജിത് കൃഷ്ണൻ | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജിഷ ജോസഫ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.ഷാനി.എം.എം | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ, ( ആയുർവ്വേദം) | ഡോ.ജയശ്രീ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ, ( ഹോമിയോ) | ഡോ.റോയ്.എം.ജോർജ് | 1.4.2017 | 31.3.2018 |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. ജോൺ മാത്യൂ | 1.4.2017 | 23.06.2017 |
| | ശ്രീ. വിൽസൻ മത്തായി | 24.06.17 | 13.11.2017 |
| | ശ്രീമതി ഷൈനിമോൾ കെ ബി | 14.11.17 | 31.03.18 |
| ഹെൽത്ത് സൂപ്പർവൈസർ (പ്രൊജക്ട് ഓഫീസർ, NULM) | ശ്രീ ചന്ദ്രൻ ആർ പി | 1.4.2017 | 31.5.2017 |
| | ശ്രീ.അജിത് കുമാർ എൻ.കെ | 01.06.2017 | 19.10.17 |
| | ശ്രീമതി.എം.ആർ ഗീത | 20.10.17 | 31.03.18 |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം -1</u> | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| | <u>ഭാഗം 2</u> | |
| 13 | വസ്തു നികുതി പരിഷ്കരണം - നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. | 2-1 |
| 14 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. | 2-2 |
| 15 | സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-3 |
| 16 | സ്കൂളുകൾക്ക് ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകിയത് സംബന്ധിച്ച് | 2-4 |
| 17 | ലേലം - അപാകതകൾ | 2-5 |
| 18 | പേ &പാർക്ക് - തുടർ നടപടികൾ സ്വീകരിച്ചില്ല | 2-6 |
| 19 | ഭൂവികസനം അവശ്യ അനുമതി - ഉറപ്പ് വരുത്തുന്നില്ല | 2-7 |
| 20 | വസ്തുനികുതി നിർണ്ണയം അപാകതകൾ | 2-8 |
| 21 | നഗരസഭ-പേവാർഡ് -വരവു ചെലവ് കണക്കുകൾ ലഭ്യമാക്കിയില്ല | 2-9 |
| | <u>ഭാഗം 3</u> | |
| 22 | മുനിസിപ്പൽ പെൻഷൻ ഫണ്ട് - അവലോകനം | 3-1 |
| 23 | തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ-ചെലവുതുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 24 | ലൈബ്രറി സെസ്സ് യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടച്ചിട്ടില്ല | 3-3 |

| | | |
|---|---|---|
| 25 | കെ.എസ് ആർ ടി സി ഷോപ്പിംഗ് കോംപ്ലെക്സ് - വരുമാന ലഭ്യത ഉറപ്പു വരുത്തിയിട്ടില്ല | 3-4 |
| 26 | അർബൻ ഹാറ്റ് പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല | 3-5 |
| 27 | ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. | 3-6 |
| 28 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ അപാകതകൾ:- | 3-7 |
| 29 | പെയിന്റിംഗിന് അധിക നിരക്ക് നൽകി - 37013 രൂപ നഷ്ടം | 3-8 |
| 30 | ബിറ്റുമിൻ ലേലം നടത്തിയില്ല – വരുമാന നഷ്ടം സംഭവിച്ചു. | 3-9 |
| 31 | സ്ഥലം വാങ്ങൽ – അധിക വില നൽകി | 3-10 |
| 32 | വെള്ളക്കരം - വൻതുക ഫൈൻ അടവാക്കി | 3-11 |
| 33 | ഡാറ്റ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാതെ പ്രൊജക്റ്റ് നടപ്പാക്കി | 3-12 |
| 34 | ജി എസ് റ്റി ബിൽ ലഭ്യമാക്കിയില്ല | 3-13 |
| 35 | യഥാസമയം കരാർ വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നില്ല | 3-14 |
| 36 | മാലിന്യ സംസ്കരണത്തിന് ഏറോബിക് ബിൻ സ്ഥാപിക്കൽ- അപാകതകൾ | 3-15 |
| 37 | ഫ്യുവൽ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത | 3-16 |
| 38 | മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചില്ല | 3-17 |
| | **ഭാഗം 4** | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 46 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 50 | അക്കൗണ്ടസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | അനുബന്ധം2 |
| 51 | ബാലൻസ് ഷീറ്റ് | അനുബന്ധം3 |
| 52 | ഇൻകം &എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |
| 53 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം5 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 27.03.2018 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31.7.2018 | 31.07.2018 | 21.08.2018 | 06.09.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു, ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | |
|---|---|---|
| 2017-18 | 13.8.2018 & 14.8.2018 | നം.കെ.എസ്.എ-ഇ.കെ.എം(എം.2) 1798/18 തീയതി 12.09.18 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 58252585.20 |
| വരവ് | 227258287.00 |
| ആകെ | 285510872.20 |
| ചെലവ് | 234099375.00 |
| നീക്കിയിരിപ്പ് | 51411497.20 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 23805000 | 23805000 | 21125160 | 0 | 2679840 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6280000 | 6280000 | 5540780 | 0 | 739220 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 18147404 | 18147404 | 18130484 | 0 | 16920 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5381617 | 5381617 | 5228351 | 0 | 153266 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 23833304 | 23833304 | 23800204 | 0 | 33100 |
| ലോക ബാങ്ക് ധനസഹായം | 0 | 5100121 | 5100121 | 4603010 | 0 | 497111 |
| എം.പി./ എം.എൽ.എ. ഫണ്ട് | 0 | 498800 | 498800 | 498800 | 0 | |
| സിൻഡിക്കേറ്റ് ബാങ്ക് | 2656852 | 107879 | 2764731 | 0 | 2764731 | |
| സിൻഡിക്കേറ്റ് ബാങ്ക് എസ്.ഡബ്ല്യു.എം. | 2751548.39 | 87937.00 | 2839485.39 | 1179513 | 1659972.39 | |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 25747.00 | 1172406 | 1198153 | 235552 | 962601 | |
| സിൻഡിക്കേറ്റ് ബാങ്ക് എഫ്.ഡി. | 2084654 | 100852 | 2185506 | 400000 | 1785506 | |
| സിൻഡിക്കേറ്റ് ബാങ്ക് അർബൻ | 19445 | 2851 | 22296 | 4236 | 18060 | |
| യൂണിയൻ ബാങ്ക് | 16569741 | 1063007 | 17632748 | 14086621 | 3546127 | |
| കാനറാ ബാങ്ക് | 164652 | 6330 | 170982 | 0 | 170982 | |
| കാനറാ ബാങ്ക് എഫ്.ഡി. | 3668955 | 177177 | 3846132 | 350101 | 3496031 | |
| ഐ.സി.ഐ. സി.ഐ. | 193968 | 315275 | 509243 | 94000 | 415243 | |
| ബാങ്ക് ഓഫ് ഇൻഡ്യ | 299336 | 11475 | 310811 | 0 | 310811 | |
| ഐ.സി.ഐ. സി.ഐ. എൻ.യു. എൽ.എം. | 2610070 | 461396 | 3071466 | 2874204 | 197262 | |
| സിൻഡിക്കേറ്റ് ബാങ്ക് മീറ്റ് സ്റ്റാൾ | 185416.59 | 7076 | 192492.59 | 0 | 192492.59 | |
| പഞ്ചാബ് നാഷണൽ ബാങ്ക് | 140328 | 5346 | 145674 | 0 | 145674 | |
| ഇ.എം.എസ്. ഇ.ഡി. സി.ബി | 79952 | 0 | 79952 | 0 | 79952 | |
| ട്രഷറി അക്കൗണ്ട് റ്റി.പി.എ. | 888721 | 5000000 | 588721 | 5274511 | 614210 | |
| പി.എം.എ.വൈ. | 0 | 22930583 | 22930583 | 21140464 | 1790119 | |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | |

| | | | | | | |
|---|---|---|---|---|---|---|
| റ്റി.എസ്.ബി. തനത് ഫണ്ട്. | 5662499 | 11177000 | 16839499 | 13050915 | 3788584 | |
| തനത് ഫണ്ട് എസ്.ബി.റ്റി. | 17246617 | 105265988 | 122512605 | 94717877 | 27794728 | |
| തനത് ഫണ്ട് ഇ ഡി സി ബി | 556601.22 | 260600 | 817201.22 | 140767 | 676434.22 | |
| തനത് ഫണ്ട് ഇ ഡി സി ബി | 491793 | 0 | 491793 | 0 | 491793 | |
| ട്രഷറി സ്റ്റേഡിയം അക്കൗണ്ട് | 705576 | 0 | 705576 | 513124 | 192452 | |
| പെൻഷൻ ഫണ്ട് | 40077 | 0 | 40077 | 0 | 40077 | |
| ഇ ഡി സി ബി കണ്ടിജന്റ് | 277633 | 0 | 277633 | 0 | 277633 | |
| ക്യാഷ് | 932403 | 0 | 932403 | 932381 | 22 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 116640485 | 180 | 78427989 | 19 | 58 | 70 % |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 25747 | 1172406 | 1198153 | 235552 | 962601 |

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 88320 | 150 |
| കർഷകതൊഴിലാളി പെൻഷൻ | 935200 | 74 |
| വിധവാപെൻഷൻ | 11717200 | 970 |
| വാർദ്ധക്യകാല പെൻഷൻ | 23233500 | 1753 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3117900 | 252 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 320700 | 24 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000 | 3 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.02.2019 തീയതിയിൽ 3.30 പി.എം.ന് നഗരസഭാ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 525658/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1. ക്യാൻസൽ ചെയ്യുന്ന രസീതുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

2. വാടക രജിസ്റ്റർ, തൊഴിൽ രജിസ്റ്റർ, ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ എന്നിവയിൽ കെട്ടിട നമ്പറും, ഉടമ, സ്ഥാപനത്തിന്റെ പേര് എന്നിവയും വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

3. വസ്തു നികുതി പരിഷ്കരണം പൂർണമായും നടപ്പിലാക്കിയിട്ടില്ല.

4. വിവിധ ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല

5. നഗരസഭയിലെ KURDFC ലോൺ സംബന്ധിച്ച കണക്കുകളും, KURDFC ഡിമാൻഡ് ചെയ്യുന്ന തുകയും പൊരുത്തപ്പെടുന്നില്ല. നഗരസഭയുടെ കണക്കുകൾ പ്രകാരം ലോൺ നിലവിൽ അടച്ചു തീർത്തിട്ടുള്ളതാണ്. എന്നാൽ KURDFC മുതൽ, പലിശ, പിഴപ്പലിശ എന്നിവ ഡിമാൻഡ് ചെയ്തുകൊണ്ടിരിക്കുന്നു.

6. സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം സമയ ബന്ധിതമായി നടപ്പാക്കുന്നില്ല.

മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ വിവിധ തീരുമാനങ്ങളിൻമേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് 06.02.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8) 08.02.2019 ൽ ഭാഗികമായി മറുപടി നൽകി. ആയത് കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം | തീരുമാന നം/ ഫയൽ നമ്പർ | വിഷയം | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം | മറുപടി | ഓഡിറ്റ് നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | 29.04.2017 ലെ 1, PWI -6468/17 | മൂവാറ്റുപുഴ ടൗൺ യു പി സ്കൂളിന്റെ മുൻവശത്ത് സ്കൂൾ കുട്ടികളുടെ സുരക്ഷക്കും, സ്കൂളിന്റെ ഭംഗിക്കും സൗജന്യമായി ഹാൻഡ് റയിൽ നിർമ്മിച്ചു നൽകാമെന്ന ഷാലിക്കർ, വിമൽ അഡ്വർടൈസേഴ്സിന്റെ അപേക്ഷ | കൂടുതൽ പഠിക്കുന്നതിന് മാറ്റിവെച്ചു | തുടർനടപടികൾ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. | പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 2 | 17.06.2017 ലെ 4, A3-16814/16 | നഗരസഭ വക അംഗൻവാടികളുടേയും മുനിസിപ്പൽ കെട്ടിടങ്ങളുടേയും കേടായ വാട്ടർമീറ്റർ (8 എണ്ണം) മാറ്റി വെക്കുന്നതിന് 47000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ജനറൽ കമ്മറ്റി അംഗീകാരത്തിന് സമർപ്പിക്കൽ. | ജനറൽ കമ്മറ്റി അംഗീകാരത്തിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചു. | ജനറൽ കമ്മറ്റി അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നും താഴെ പറയുന്ന അംഗൻവാടികളുടെയും ഇതര ഓഫീസുകളുടേയും പ്രതിമാസ വാട്ടർ ചാർജ് വിവരം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.<br>1.തെക്കോട്ടുപാറ അംഗൻവാടി.<br>2.കമ്മ്യൂണിറ്റി ഹാൾ രണ്ടാർ.<br>3.അംഗൻവാടി കരിയൻമല<br>4.റോട്ടറി റോഡ് അംഗൻവാടി<br>5.പേട്ട അംഗൻവാടി<br>6.ഇ എച്ച് എസ് അംഗൻവാടി<br>7.പുളിഞ്ചോട് അംഗൻവാടി<br>8.സേവാശ്രമം | ജനറൽ കമ്മറ്റി അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മീറ്റർ കേടായതിനാൽ അംഗൻവാടികളുടേയും മുനിസിപ്പൽ കെട്ടിടങ്ങളുടേയും വെള്ളക്കരം അധിക നിരക്കിൽ അടവാക്കപ്പെടുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്. |
| 3 | 17.06.2017 ലെ 5, PWI -17268/12 | 20-ാം വാർഡിൽ മാറാടി യു പി സ്കൂൾ കൊന്നക്കൽ റോഡ് സ്ഥലം വിട്ടു നൽകൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | തുടർനടപടികളുടെ വിവരം, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 8.02.2019 ൽ നൽകിയ PWI -12868/12 നം മറുപടിയിൽ റോഡുകളുടെ വിവരം സചിത്ര സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിന് സാധിച്ചിട്ടില്ല എന്ന് അറിയിച്ചു. ലാന്റ് റിലിങ്ക്വിഷ്മെന്റ്ഫോം വില്ലേജ് ഓഫീസർ ഒപ്പിട്ടു തന്നെങ്കിലും സോഫ്റ്റ് വെയർ ക്ലോസ്ചെയ്തതിനാൽ | ആസ്തികൾ സചിത്ര സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |
| 4 | 17.06.2017 ലെ 6, PWI-17268/12 | 12-ാം വാർഡിൽ വെട്ടിക്കാട്ടുത്താഴം റോഡ് വീതി വർദ്ധിപ്പിക്കൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 5 | 17.06.2017 ലെ 8, PWI -17268/12 | 15-ാം വാർഡിൽ പള്ളിക്കാവ് വള്ളുക്കുന്നത്ത് റോഡ് ആസ്തി\ രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 6 | 17.06.2017 ലെ 9, | 1-ാം വാർഡിൽ താജ് മഹൽ ലിങ്ക് | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |

| | | | | | |
|---|---|---|---|---|---|
| | PWI -17268/12 | റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | | ആസ്തികൾ ഉൾപ്പെടുത്താൻസാധിക്കുന്നില്ല എന്നുമറിയിച്ചു. | |
| 7 | 17.06.2017 ലെ 9, PWI -17268/12 | 11-ാം വാർഡിൽ ചള്ളിച്ചാലിൽ റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 8 | 17.06.2017 ലെ 9, PWI -17268/12 | 15-ാം വാർഡിൽ പള്ളിക്കാവ് ലിങ്ക് റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 9 | 17.06.2017 ലെ 9, PWI -17268/12 | 15-ാം വാർഡിൽ വി എസ് എസ് റോഡ് മൈലാടി മല റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 10 | 19.06.2017 ലെ 4, PWI -17268/12 | ജനശക്തി റോഡിൽ ആരംഭിച്ച്കാര്യ ലയത്തിൽ അവസാനിക്കുന്ന റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 11 | 19.06.2017 ലെ 5, PWI -17268/12 | 25-ാം വാർഡിൽ വളക്കുഴി കണ്ണേലി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 12 | 19.06.2017 ലെ 6(1), PWI -17268/12 | 3-ാം വാർഡിൽ തൃക്ക റോഡിൽ നിന്നും ഏകദേശം 12 മീറ്റർ നീളമുള്ള റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 13 | 19.06.2017 ലെ 6(2) , PWI -17268/12 | 3-ാം വാർഡിൽ തൃക്ക റോഡിൽ നിന്നും ഏകദേശം 12 മീറ്റർ നീളമുള്ള ലൊരേറ്റോ ആശ്രമത്തിനു സമീപമുള്ള മിനാ കോളനിയിലേക്കുള്ള റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |
| 14 | 19.06.2017 ലെ 7, PWI -17268/12 | 9-ാം വാർഡിൽ ചന്തക്കാട് ബൈലൈൻ റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തൽ | കൗൺസിലിലേക്ക് ശുപാർശ ചെയ്തു. | | |

7).വേസ്റ്റ് മാനേജ്മെന്റ് ബൈലോ - തയ്യാറാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 334(2) പ്രകാരം നഗരപ്രദേശത്ത് ഉണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഒരു പ്രത്യേക ഫീസ് നിശ്ചയിക്കാവുന്നതാണെന്നും, ഇങ്ങനെ നിശ്ചയിക്കുന്ന ഫീസിന്റെ നിരക്ക്, ഒരു യൂണിറ്റ് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് വേണ്ടിവരുന്ന (ലേബർ, ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ) ചെലവിനെക്കാൾ കുറയാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല 2016 ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങൾ ബൈലോ ഉണ്ടാക്കണമെന്നും മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള യൂസർ ഫീസ് നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുമുണ്ട്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 06.02.2019-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6) മറുപടി ലഭ്യമാക്കിയില്ല. മാലിന്യനിർമ്മാർജ്ജനത്തിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8). വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ നഗരസഭ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2016 | 2013-14,2014-15,2015-16 | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.2.2018 | 15-16 മുതൽ 16-17 വരെ | 17.04.18 |

# 1-12 ഓഡിറ്റ് ഇംപാക്ട്

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് ജീവനക്കാരുടെ 2017-2018 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഇനത്തിലെ അടവിൽ കുറവു വന്ന തുകയായ 500/- രൂപ രസീത് നമ്പർ 118010109263 തീയതി 8.2.2019 പ്രകാരം ഒടുക്കിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം. 23 ന് നൽകിയ മറുപടിയിൽ അറിയിച്ചു

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തുനികുതി പരിഷ്കരണം - നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല.

വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് 14.1.2011 ലെ സ.ഉ.(അ) നം. 18/2011/ത.സ്വ.ഭ.വ., 27.4.2015 ലെ സ.ഉ.(എം.എസ്) 144/15/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം വസ്തു നികുതി പരിഷ്ക്കരിച്ചു കൊണ്ടുള്ള കേരള മുനിസിപാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭകൌൺസിൽ 25.11.2011-ലെ 17-ാം നമ്പർ വിജ്ഞാപനപ്രകാരം 1.4.2011 പ്രാബല്യത്തിൽ നടപ്പിലാക്കി. എന്നാൽ സഞ്ചയ പ്രോപ്പർട്ടിമൊഡ്യൂൾ പരിശോധിച്ചതിൽ നിന്നും വസ്തു നികുതി പരിഷ്കരണം നഗരസഭയിൽ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. മേൽ പരാമർശം സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 2013-14 മുതലുള്ള ഫോം 6 എൻട്രി പൂർത്തീകരിച്ചുവെന്നും 2013-14- ന മുമ്പുള്ള അരിയർ ഡിമാന്റ് എൻട്രി പോസ്റ്റ് ചെയ്യുവാൻ സാധിക്കുന്നില്ലായെന്നും ആയത് പരിഹരിക്കുന്നതിന് IKM-ന് കത്തുനൽകിയിട്ടുള്ളതായും അറിയിക്കുകയുണ്ടായി.

2013-14-ന മുമ്പുള്ള അരിയർ ഡിമാന്റ് എൻട്രി പോസ്റ്റ് ചെയ്യുന്നതിനുള്ള തടസ്സങ്ങൾ നീക്കി വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി - ഡിമാന്റ് ചെയ്യുന്നതിലേയും ഈടാക്കുന്നതിലേയും അപാകതകൾ

(1). സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ/ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ഡി& ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് / സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 8/ 331 | ഡോ.സുമരി ഏബ്രഹാം, ജെജെ ഡെന്റൽ ക്ലിനിക് | - |
| 2 | 10/273 | ലില്ലി ജോർജ്, അമൃതം ഫുഡ് പ്രോഡക്ട്സ് | 06 |
| 3 | 3/266 | റ്റി എസ് ബെന്യാമിൻ, റ്റി എം | 12 |

| | | | |
|---|---|---|---|
| | | സീതി& സൺസ് | |
| 4 | 19/ | പി കെ അലിയാർ, പട്ടമ്മാക്കുടിയിൽ ഇൻഡസ്ട്രീസ് | 10 |
| 5 | 9/1237 | എസ് വിശ്വനാഥൻ,ഭാരത് പെട്രോളിയം | 04 |
| 6 | 13/365 | ജോബി ജെ, പാറപ്പുറം സ്മൈൽ ഡെന്റൽ ക്ലിനിക് | 05 |
| 7 | 13/120 | ഡോ.റെഞ്ചു പോൾ കുര്യൻ, ഡോ.കുര്യൻസ് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 04 |
| 8 | 13/282 | സുബി പി എസ്, ക്യൂ ആർട്ട് ഗ്രാന്റ് ഡിജിറ്റൽ | 08 |
| 9 | 16/110 | സജീവ് മാത്യൂ & കമ്പനി, ഭാരത് പെട്രോളിയം | 09 |
| 10 | 28/111A | വി എം രാമചന്ദ്രൻ, മേരിമാതാ ഫ്യൂവൽസ് | 06 |
| 11 | 24/138A | സാബു ജോണി, ഇവിഎം പാസഞ്ചർ കാർസ് | 07 |
| 12 | 9/1718 | രജ് വന്ത് ബെൻ, മലയാളം വെഹിക്കിൾസ് ഇന്ത്യ | 10 |
| 13 | 13/85 | അജോ കെ ജോർജ്, ഇൻഫർമേഷൻ ടെക്നോളജി എജ്യൂക്കേഷൻ സെന്റർ | 04 |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി,പ്രൊഫഷണലുകളിൽ നിന്നും ഈടാക്കേണ്ട നികുതി എന്നിവ കൂടി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>(2) തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല.</u>

താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2017-2018 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/വാർഡ് നമ്പർ | ഈടാക്കേണ്ട കാലയളവ് ( ജീവനക്കാരുടെ തൊഴിൽ നികുതി ) | ഈടാക്കേണ്ട കാലയളവ്(സ്ഥാപന തൊഴിൽ നികുതി) |
|---|---|---|---|
| 1 | ഡിപ്പോ ഓഫീസർ,ഫാക്ട് അഗ്രോ സർവീസ് സെന്റർ /2 | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം | |
| 2 | ഹോണ്ടാ സെയിൽസ് സർവീസ് /2 | 2017-18 രണ്ടാം അർദ്ധ വാർഷികം | |
| 3 | മൂവാറ്റുപുഴ താലൂക്ക് പൌൾട്രി ഗ്രോവേഴ്സ് കോഓപ്പറേറ്റീവ് ബാങ്ക് /6 | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| 4 | സെക്രട്ടറി താലൂക്ക് ലൈബ്രറി കൌൺസിൽ /7 | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം | |
| 5 | മാനേജർ നന്ദനം ഹോട്ടൽ /7 | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം | |
| 6 | മാനേജർ ലേഡിറോസ് ബ്രേസിയർ കമ്പനി /7 | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം | |
| 7 | റിലയൻസ് ഐ.ടി പാർക്ക് /7 | | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| [illegible] | [illegible] | | [illegible] |

| | | | |
|---|---|---|---|
| 8 | റ്റി. വി സുന്ദരം അയ്യങ്കാർ & സൺസ് /7 | | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| 9 | മാനേജർ അർബൻ കോഓപ്പറേറ്റീവ് സൊസൈറ്റി/8 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| 10 | യു.ബി.ഐ/8 | | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| 11 | എം.വി.പി.എ, സർവീസ് കോപ്പറേറ്റീവ് ബാങ്ക് /8 | | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| 12 | സെക്രട്ടറി ,മിൽക്ക് സപ്ലൈയേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി /9 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 13 | കെ.എസ്.ഇ.ബി നം.2 സെക്ഷൻ മൂവാറ്റുപുഴ ,എവറസ്റ്റ് ജംഗ്ഷൻ /9 | | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 14 | സെക്രട്ടറി വളം ഡിപ്പോ കാർഷിക കോഓപ്പറേറ്റീവ് സൊസൈറ്റി/9 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 15 | സെക്രട്ടറി കാർഷിക നീതി മെഡിക്കൽ കോഓപ്പറേറ്റീവ് സൊസൈറ്റി /9 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 16 | മാനേജർ ജോസ് ട്രേഡിംഗ് കമ്പനി/9 | 2017-18 രണ്ടാം അർദ്ധവാർഷികം | |
| 17 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് /9 | | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 18 | റൈറ്റ് പാത്ത് ഗ്ലോബൽ സ്കൂൾ /10 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 19 | മാനേജർ ബ്ലൂ മൂൺ /10 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 20 | സെക്രട്ടറി അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി /10 | 2017-2018 രണ്ടാം അർദ്ധവാർഷികം | |
| 21 | മാനേജർ വിന്റേജ് വിൽസ്/14 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 22 | മാനേജർ ലാമോഡാ/14 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 23 | മാനേജർ കബനി ഹോട്ടൽ | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 24 | മാനേജർ നീതി മെഡിക്കൽ സ്റ്റോ ർ/ 14 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 25 | മാനേജർ മുത്തൂറ്റ് വെഹിക്കിൾസ് ഫിനാൻസ്/13 | 2017-18 ഒന്നാം അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 26 | മുത്തൂറ്റ് ഫിനാൻസ് 16 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 27 | മാനേജർ മുത്തൂറ്റ് മിനി /16 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 28 | എം.ഡി. ഗ്രീൻ നെസ്റ്റ് ബിൽഡേഴ്സ്/16 | 2017-18 രണ്ടാം അർദ്ധവാർഷികം | |
| 29 | സെക്രട്ടറി മൂവാറ്റുപുഴ കോതമംഗലം പ്രൈമറി കോഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ബാങ്ക്/16 | | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 30 | പെട്രോൾ പമ്പ്/17 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 31 | ഭാരത് പെട്രോളിയം/17 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 32 | ബ്രാഞ്ച് മാനേജർ എം.ആർ.പി.എൻ പോപ്പുലർ ഫിനാൻസ്/18 | 2017-18രണ്ടാം അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 33 | പ്രൊപ്രൈറ്റർ എ.&ജെ ഡൈഗ് നോസ്റ്റിക് സെന്റർ/ 18 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 34 | മാനേജർ ദേവി സ്കാനിംഗ് സെന്റർ/18 | 2017-2018 രണ്ടാം അർദ്ധവാർഷികം | |
| 35 | അനുഗ്രഹ ഇൻഡേൻ സർവീസ് /20 | | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 36 | എൻ.എഫ്.സി ഫിനാൻസ് കമ്പനി /21 | 2017-18 രണ്ടാം അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 37 | ബിനോ പോൾ മരിയ മോട്ടോർ ഫിനാൻസ്/21 | | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 38 | ബി.എസ്.എൻ.എൽ /21 | | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 39 | എ.ഇ എം.വി.ഐ.പി ഇലക്ട്രിക്കൽ സെക്ഷൻ/22 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 40 | എ.ഇ. എൻജിനീയർ എം.വി .ഐ.പി സെക്ഷൻ 2/9/22 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 41 | മാനേജർ താലൂക്ക് മൾട്ടി പർപ്പസ് കോഓപ്പറേറ്റീവ് സൊസൈറ്റി /22 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 42 | മാനേജർ അഹല്യ ഫിനാൻഷ്യൽ സർവീസ് ലിമിററഡ് /23 | 2017-18 രണ്ടാംഅർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 43 | മാനേജർ സി.എം അബ്ദുൽ റഹിം പെട്രോൾ പമ്പ് /23 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 44 | ഹോട്ടൽ ധന്യ/23 | 2017-18 ഒന്ന്,രണ്ട് | |

| | | | |
|---|---|---|---|
| | | അർദ്ധവാർഷികം | |
| 45 | മാനേജർ എ.വിഎം സ്റ്റീൽ ഹോം/23 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 46 | രാജേഷ് അസോസിയേറ്റ്സ് /23 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |
| 47 | മാനേജർ കേരള പെർമിറ്റ് ബെനെഫിറ്റ് ഫണ്ട് /23 | | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 48 | വാർഡൻ പ്രീമെട്രിക് ഹോസ്റ്റൽ/26 | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/11.2.19) ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3 സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

നഗരസഭയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയസെന്ററുകൾ, കള്ള് ഷാപ്പുകൾ എന്നിവ ഡി & ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.നഗരസഭയുടെ പരിധിക്കുള്ളിലുള്ള 6526 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തികവർഷം 2506 സ്ഥാപനങ്ങൾക്കുമാത്രമാണ് ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ളത് . ഇതിൽ നിന്നും വളരെയധികം വ്യാപാരസ്ഥാപനങ്ങൾ 2017-18സാമ്പത്തികവർഷം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചതെന്ന് കാണുന്നു.

നഗരസഭയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 സ്കൂളുകൾക്ക് ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകിയത് സംബന്ധിച്ച്

സർക്കുലർ നം.45713(1)/M3/05/GenEd dtd.10.3.06, ജി.ഒ (ആർ.ടി)നം.2427/2007 പൊതുവിദ്യാഭ്യാസം തീയതി 01.06.2007 എന്നിവ പ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച വാർഷിക പരിശോധന എല്ലാ വർഷവും ഫെബ്രുവരി മാസം 28ാം തീയതിക്കകം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ പരിശോധന നടത്തി, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ വകുപ്പ് മേധാവികൾക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ 30.12.2016 ലെ 792455/ew3/2016/ത.സ്വ.ഭ.വ.സർക്കുലർ പ്രകാരം ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ/ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് തദ്ദേശ സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭാ പ്രദേശത്ത് 25- ഓളം എയ്ഡഡ് / അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. 28.05.2014 ലെ DB5/9495/2009/CE/LSGD നമ്പർ സർക്കുലർ പ്രകാരം എയ്ഡഡ്/ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആദ്യ തവണ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ 1.25% സൂപ്പർവിഷൻ ചാർജ് ഈടക്കേണ്ടതുമാണ്. 2017—18വർഷം സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെയും, ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഫീസ്, സൂപ്പർവിഷൻ ചാർജ് എന്നിവ ഈടാക്കിയതിന്റെയും ഫയലുകൾ പരിശോധിച്ചതിൽ എല്ലാ സ്കൂളുകളിൽ നിന്നും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നൽകിയോ എന്ന് നഗരസഭ ഉറപ്പുവരുത്തുന്നില്ലായെന്ന് കണ്ടു. കൂടാതെ പുതുക്കി പണിയുന്ന സ്കൂളുകളുടെ കെട്ടിടത്തിന്റെ പരിശോധനയ്ക്ക് സൂപ്പർ വിഷൻ ചാർജ് ഈടാക്കിയതയും കാണുന്നില്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 ലേലം - അപാകതകൾ

നഗരസഭയുടെ 2017-18 ലെ ലേല നടപടികൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1) ലേലത്തുക മുഴുവനും ഈടാക്കിയില്ല - 15000 രൂപ നഷ്ടം

ഫയൽ നമ്പർ - 18192/16

നഗരസഭയുടെ സസ്യ മാർക്കറ്റിലെ ഫീസ് പിരിവ് 2017-18 ൽ അനുവദിച്ച് നൽകിയത് ശ്രീ.പി.എം അഷറഫ്,പറമ്പിക്കുടി എന്നയാൾക്കാണ്. ലേല നോട്ടീസ് നം 18192/16/6.2.2017ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികളിലൂടെയാണ് ടിയാനെ തിരഞ്ഞെടുത്തത്.

1.ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ 22/02/2017 ലെ ലേലം ജനറൽ കമ്മറ്റി 6/28.2.2017 പ്രകാരം റദ്ദാക്കി.

2.18.03.2017 ൽ നടന്ന ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ ലേലം റദ്ദാക്കി.

3.നഗരസഭ ജനറൽ കമ്മറ്റിയുടെ 28.06.2017 ലെ 5-ാം നമ്പർ തീരുമാന പ്രകാരം പി.എം. അഷറഫിന് ഓഫർ മുഖേന 55000 രൂപക്ക് ഫീസ് പിരിവ് അവകാശം നൽകി. എന്നാൽ കുത്തകക്കാരനിൽ നിന്ന് താഴെ പറയും പ്രകാരം 40000 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം | രസീത് നമ്പർ | തുക |
|---|---|---|
| 1 | 1170100184/7/4/2017 | 16500 |
| 2 | 117010105175/25.09.2017 | 13500 |
| 3 | 117010106000/25.10.2017 | 10000 |
| | **ആകെ** | **40000** |

മുഴവൻ തുകയും ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 07.02.2019 ൽ ഓഡിറ്റ് എൻക്വയറി നം.12 നൽകി. ആയതിന് 8/02/2019 ന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്. മറുപടിയിൽ പഴയ സ്റ്റാന്റിലെ സ്റ്റാളുകളും 06.12.17 ന് പൊളിച്ചതിനാൽ ആരും പിരിവ് നൽകുന്നില്ല എന്നും അക്കാരണത്താൽ അടച്ച തുക തിരികെ നൽകണമെന്നും ലേലക്കാരൻ 8.12.2017 ൽ അപേക്ഷ നൽകിയിട്ടുള്ള വിവരവും അറിയിച്ചു. എന്നാൽ തുക തിരികെ നൽകേണ്ടതില്ല എന്നും അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയും നഗരസഭ ജനറൽ കമ്മറ്റി 17.04.2018 ൽ 10-ാം നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുള്ളതായും സമർപ്പിച്ച മറുപടിയിൽ അറിയിച്ചു. എന്നാൽ തുക നാളിതു വരെ ഈടാക്കി അടവാക്കിയിട്ടില്ല. 15000 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പേ &പാർക്ക് - തുടർ നടപടികൾ സ്വീകരിച്ചില്ല

ഫയൽ നമ്പർ – R3 – 18817/17

ലതാ തീയറ്ററിനു എതിർവശം ലതാ പാർക്കിൽ പേ & പാർക്ക് ഏർപ്പെടുത്താവുന്നതാണെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 17.02.2018 ൽ 13(1) പ്രകാരം തീരുമാനമെടുത്തു .ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ പരിശോധന നടത്തി 900 എം സ്ക്വയർ വരുന്ന പ്രസ്തുത സ്ഥലത്ത് ഏകദേശം 50 നാലു ചക്ര വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ലഭ്യമാക്കാൻ സാധിക്കും എന്ന് റിപ്പോർട്ട് ചെയ്തു.നഗരസഭ കമ്മറ്റി അജണ്ട സമർപ്പിക്കുന്നതിന് നഗരസഭ ചെയർമാൻ/ചെയർപേഴ്സണ് ഫയൽ സമർപ്പിച്ചു. എം എൽ എ ഫണ്ട് അനുവദിച്ച് പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയാൻ നിശ്ചയിച്ചിട്ടുള്ളതിനാൽ കൃത്യസമയത്ത് കരാറുകാരെ ഒഴിവാക്കാൻ സാധിക്കാതെ വരാം എന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം അംഗീകരിക്കേണ്ടതില്ല എന്നും ചെയർമാൻ/ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു. ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 06/02/2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം11) 11/02/2019 ൽ നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1. എം എൽ എ ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് സാംസ്കാരിക നിലയം.ലൈബ്രറി എന്നിവ നിർമ്മിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലമായതിനാലാണ് പേ & പാർക്കിന് ലേലം ചെയ്യാതിരുന്നത് എന്നറിയിച്ചു. എം എൽ എ ഫണ്ട് ലഭിച്ചിട്ടില്ല എന്നും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും അറിയിച്ചു.

2. സ്ഥലത്തിന്റെ റവന്യൂ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും അതും നഗരസഭയുടെ പുറമ്പോക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയില്ല.

നഗരസഭക്ക് വരുമാന വർദ്ധനവ് ഉണ്ടാകുന്നതിന് അനുയോജ്യമായ നടപടിയായതിനാൽ വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ ലേല നടപടി സ്വീകരിക്കാവുന്നതായിരുന്നു. ലേലത്തിന്റെ സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഭൂവികസനം അവശ്യ അനുമതി - ഉറപ്പ് വരുത്തുന്നില്ല

ഭൂവികസനത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്ന അപേക്ഷകളിൻമേൽ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 2015ലെ ചട്ടം 9(2) പ്രകാരം ഖനന ഭൂവിജ്ഞാന വകുപ്പിന്റെ അനുമതി ആവശ്യമാണ്. എന്നാൽ താഴെ പറയുന്ന അപേക്ഷകളിൽ അത് ഉറപ്പ് വരുത്തിയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | ബി എ നമ്പർ | സ്ഥലത്തിന്റെ വിവരം/നീക്കം ചെയ്ത മണ്ണിന്റെ അളവ് | ഫീസ് /രസീത് നമ്പർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പി.എ.സിറാജുദ്ദീൻ, മൂവാറ്റുപുഴ | 320/17-18/15/02/2018 | സർവ്വെ നമ്പർ 380/11 A,380/11 B, 226 എം സ്ക്വയർ, 430 എം ക്യൂബ് | 1725 രൂപ 118010100263/10.4.2018 |
| 2 | രഞ്ജിത്ത് കുമാർ, കാഞ്ഞിരക്കാട് | 112/17-18 21/11/2017 | സർവ്വെ നമ്പർ 168/11 A,380/10-2, 27.12 എം സ്ക്വയർ, 1002.35എം ക്യൂബ് | 5415 രൂപ 117010106973/20.11.2017 |

ബഹു: കേരള നിയമസഭയുടെ (പതിനാലാം സഭ) രണ്ടാം സമ്മേളനത്തിലെ 47-ാം നമ്പർ ചോദ്യത്തിന് 27.09.2016 ൽ നൽകിയ മറുപടിയിൽ ഇപ്രകാരം വ്യക്തമാക്കുന്നു ."തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വീട് വെക്കുന്നതിന് മണ്ണ് മാറ്റുന്നതിന് മൈനിംഗ്& ജിയോളജി വകുപ്പിന്റെ അനുമതിയുടെ ആവശ്യമില്ല എന്നാൽ ഇപ്രകാരം നീക്കം ചെയ്യുന്ന മണ്ണ് വാഹനങ്ങളിൽ കയറ്റി പുറത്ത് കൊണ്ട് പോകുന്നതിന് ഖനന ഭൂവിജ്ഞാന വകുപ്പിൽ റോയൽറ്റി അടച്ച് പാസ്സ് വാങ്ങേണ്ടതാണ്. ഇപ്രകാരം അനുമതി നൽകുമ്പോൾ ഒരു വർഷത്തിനകം കെട്ടിടത്തിന്റെ തറ പണിയെങ്കിലും പൂർത്തിയാക്കണം എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്താറുണ്ട്. ഭൂവികസന പെർമിറ്റ് നൽകുമ്പോൾ അവശ്യ അനുമതികൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യം സംബന്ധിച്ച് 05.02.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5) മറുപടി ലഭ്യമാക്കിയില്ല.

# 2-8 വസ്തുനികുതി നിർണ്ണയം - അപാകതകൾ

**(1) വസ്തുനികുതി നിർണ്ണയരജിസ്റ്റർ - രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.**

വസ്തുനികുതി നിർണ്ണയരജിസ്റ്ററിൽ 1മുതൽ 50 വരെയുള്ള കോളങ്ങളിൽ പുതുതായി നികുതി നിർണ്ണയിക്കേണ്ട കെട്ടിടങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാനവിവരങ്ങൾ ഓരോ കോളത്തിലും കൃത്യമായി എഴുതി ചേർക്കേണ്ടതുണ്ട്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നികുതി നിർണ്ണയിക്കേണ്ട കെട്ടിടങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാനവിവരങ്ങൾ ഓരോ കോളത്തിലും പ്രത്യേകമായി എഴുതാതെ പൊതുവായ വിവരങ്ങൾ മാത്രം ഒന്നിച്ചെഴുതുന്നതായി കാണുന്നു. ഇപ്രകാരം വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാൽ പല അടിസ്ഥാനവിവരങ്ങളും രേഖപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതായി കാണുന്നു.(ഉദാ. പെർമിറ്റ് നം., നിർമ്മാണം പൂർത്തിയാക്കിയ തീയതി, തറയുടെ തരം, ചുമരിന്റെ തരം, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല...തുടങ്ങിയവ.).മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/8.2.19) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയരജിസ്റ്ററിൽ എല്ലാ കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**(2)കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു - സംബന്ധിച്ച്.**

നഗരസഭയുടെ 23.3.2012-ലെ 1-ാം കൌൺസിൽ തീരുമാനപ്രകാരം അടിസ്ഥാനവസ്തുനികുതി നിരക്ക് 1.4.2011 മുതൽ പ്രാബല്യത്തിലാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ വിജ്ഞാപനപ്രകാരം 100 ച.മീ.മുകളിൽ തറവിസ്തീർണ്ണമുള്ള ഗോഡൌണുകൾ, ഷോപ്പുകൾ എന്നിവക്ക് ച.മീറ്ററിന് 90/-രൂപ നിരക്കിലും, 200 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ,ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ച.മീറ്ററിന് 130/-രൂപ നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ താഴെകൊടുത്തിട്ടുള്ള കെട്ടിടങ്ങളെ 200 ച.മീ.മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ ഗണത്തിൽ ഉൾപ്പെടുത്താതെ ( ച.മീറ്ററിന് 130/-രൂ.) 100 ച.മീ.മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ ഗണത്തിൽ ഉൾപ്പെടുത്തി (ച.മീറ്ററിന് 90/-രൂ.) കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| 1 | XXVI 76 G | 406.87, ഒന്നാം നില | 41745(406.87X90, +20%മേഖല വർദ്ധനവ്, -5% ഒന്നാംനില) | 60298 (406.87X130, +20% മേഖല വർദ്ധനവ്, -5% ഒന്നാംനില) | 18553/-രൂ. |
| 2 | XXVI 76 H | 406.88, രണ്ടാം നില | 39550 (406.88X90, +20% മേഖല വർദ്ധനവ്, -10% രണ്ടാം നില) | 57126 (406.87X130, +20% മേഖല വർദ്ധനവ്, -10% രണ്ടാം നില) | 17576/-രൂ. |
| 3 | VIII/ 98 D | 725.06 | 84832 (725.06X90, +20%മേഖല വർദ്ധനവ്, +10% എസി) | 122536 (725.06X130, +20%മേഖല വർദ്ധനവ്, +10% എസി) | 37704/-രൂ. |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/7,2,19) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട ഉടമ സമർപ്പിച്ചിട്ടുള്ള പ്ലാനിലും, ലഭിച്ചിട്ടുള്ള ഒക്യുപ്പൻസി സർട്ടിഫിക്കറ്റിലും വാണിജ്യാവശ്യം എന്ന രേഖപ്പെടുത്തിയതിനാലാണ് സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്താതെ നികുതി നിശ്ചയിച്ചത് എന്ന് അറിയിക്കുകയുണ്ടായി. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

**(3) സെല്ലാർ പാർക്കിംഗ് ഏരിയ – വസ്തുനികുതി നിർണ്ണയത്തിൽനിന്നും ഒഴിവാക്കി.**

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും,സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റുഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. മേൽ വ്യവസ്ഥപ്രകാരം പാർക്കിംഗ് പ്രദേശങ്ങൾ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനായി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ താഴെകൊടുത്തിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ പാർക്കിംഗ് പ്രദേശങ്ങൾ ഒഴിവാക്കി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നിർണ്ണയിക്കേണ്ട വസ്തുനികുതി | നിർണ്ണയിച്ച വസ്തുനികുതി | കുറവ് |
|---|---|---|---|---|---|
| 01 | XVII / 302E (വാണിജ്യം, ഹോട്ടൽ) | 480.25, താഴത്തെ നില | 51868(480.25X90 +20% മേഖല) | 51868 | -- |
| 02 | --;;-- | 444.76, ഒന്നാം നില | 45633(444.76x90 +5%നില ഇളവ്) | 45633 | -- |
| 03 | --;;-- | 476.35, സെല്ലാർ | ഒഴിവാക്കി | 51446(476.35X90+ 20%മേഖല വർദ്ധനവ്) | 51446/- രൂ. |
| 04 | X/ 145C (വാണിജ്യം) | 82.24( സെല്ലാർ- 61.45+ഒന്നാംനില- 20.79 | 8882(82.24X90 +20% മേഖല) | 2247(20.79X90+ 20%മേഖല) | 6635/- രൂ. |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/7.2.19) ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. വസ്തുനികുതി പുനർനിർണ്ണയിച്ച് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 നഗരസഭ-പേവാർഡ് -വരവു ചെലവ് കണക്കുകൾ ലഭ്യമാക്കിയില്ല

താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയോടനുബന്ധിച്ച് ഒരു പേ വാർഡ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയുടെ വരവു ചെലവു സംബന്ധിച്ച വിവരം ലഭ്യമല്ല. ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായ വിവരം താഴെ ചേർക്കുന്നു .

2005 ജൂൺ 15-ാം തീയതിയിൽ 44 മുറികളോടുകൂടി പ്രവർത്തനം ആരംഭിച്ച പേ-വാർഡ് 22-12-2017 മുതൽ താത്കാലികമായി അടച്ചിരിക്കുകയാണ്. പേവാർഡിന്റെ പരിപാലനത്തിനായി സ്റ്റാഫ് നേഴ്സ്, സ്വീപ്പർ, അഡ്മിനിസ്റ്റേറ്റർ തുടങ്ങിയ തസ്തികകളിലായി 9 ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണ്. യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാലും പരിപാലനത്തിൽ വന്നിട്ടുള്ള വീഴ്ച മൂലവും പല മുറികളും ഉപയോഗിക്കാൻ പറ്റാത്ത വിധം വൃത്തിഹീനമാവുകയും ഉപയോഗയോഗ്യമായ മുറികളുടെ എണ്ണം കുറയുകയും ചെയ്തതിനാൽ പേ-വാർഡിൽ നിന്നുള്ള വരുമാനം കുറയാൻ ഇടയായി. പേ-വാർഡ് കമ്മറ്റി രൂപീകരിച്ച് പേ-വാർഡിന്റെ വരുമാനം കൊണ്ടാണ് പേ-വാർഡ് പരിപാലിച്ചിരുന്നത്.വരുമാനം ഇല്ലാത്ത സാഹചര്യത്തിൽ ജീവനക്കാരുടെ വേതനം മുടങ്ങിയതിനാൽ നിയമനടപടികളിലൂടെ ജീവനക്കാർ വേതനകുടിശ്ശിക ആവശ്യപ്പെടുകയും അവർക്കനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ഏകദേശം 1,84,737/-രൂപ വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിനുപുറമേ വൈദ്യുതി ചാർജ്,വെള്ളക്കരം മുതലായ ഇനങ്ങളിൽ 1,75,000/-രൂപയോളം നഗരസഭാഫണ്ടിൽ നിന്നും അടച്ചിട്ടുണ്ട്.

എത്രയും വേഗം പേ-വാർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കാൻ യുക്തമായ നടപടിയെടുക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 മുനിസിപ്പൽ പെൻഷൻ ഫണ്ട് - അവലോകനം

1996 ലെ കേരള മുനിസിപ്പാലിറ്റി Employees Death Cum Retirement Benefit ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസത്തെ ശമ്പളബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് തന്മാസം 15ാം തീയതിക്ക് മുമ്പ് {ചട്ടം- 8(1)} സെൻട്രൽ പെൻഷൻ ഫണ്ടിലേക്കടവാക്കേണ്ടതാണ്. ചട്ടം 6 പ്രകാരം നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും ഈ തുക, ഇതേ നിയമത്തിന്റെ ചട്ടം 10 പ്രകാരം രൂപീകരിച്ചിട്ടുള്ള മുനിസിപ്പൽ പെൻഷൻഫണ്ടിലേക്ക് നൽകേണ്ടതും ഈ തുക തദ്ദേശ സ്ഥാപന സെക്രട്ടറി പ്രതിമാസ പെൻഷൻ വിതരണത്തിനും മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും ഉപയോഗിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

1997 -ലെ കേരളാ മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ( ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) റൂൾസ് പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% മാസവിഹിതം ആയി ഈടാക്കി മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടാതാണ്.

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാർ, കണ്ടിജൻറ് വിഭാഗം ജീവനക്കാർ, NPS - കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ചേർന്നിട്ടുള്ള ജീവനക്കാർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പിടിച്ചതിന്റെയും, അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ, അസ്സൽ ചെലാൻ,നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് നൽകിയ അലോട്ട്മെന്റുകളുടെ വിവരം, ബന്ധപ്പെട്ട ഫയലുകൾ, ബന്ധപ്പെട്ട ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെ പാസ്സ്ബുക്കുകൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു. നഗരസഭ ഹാജരാക്കിയ ഫയൽ പ്രകാരം നഗരസഭയിൽ നിലവിൽ റെഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ നഗരസഭാ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുന്നില്ല. തനത് ഫണ്ടിൽ നിന്നും നഗരസഭ ടി വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നു. ചട്ടങ്ങൾ പ്രകാരമുള്ള പെൻഷൻ വിഹിതം നഗരസഭാ അടയ്ക്കേണ്ടതും, സി.പി.എഫ്-ൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

03.05.1997 ലെ GO (P )96/ 97 / LSGD ഉത്തരവ് പ്രകാരം 1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 7(1), 7(2) എന്നിവ പ്രകാരം എല്ലാ നഗരസഭകളും അതാത് ട്രഷറികളിൽ കേരള മുനിസിപ്പട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 7(1), 7(2) എന്നിവ പ്രകാരം എല്ലാ നഗരസഭകളും അതാത് ട്രഷറികളിൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്ന പേരിൽ TSB അക്കൗണ്ട് തുടങ്ങണമെന്നും ടി വിഭാഗം ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പായി പെൻഷൻ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യണമെന്നും, ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനായി ആയത് ഉപയോഗിക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

എന്നാൽ കേരള മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് വിതരണത്തിനായി TSB അക്കൗണ്ട് പോലും നഗരസഭ നാളിതുവരെ ആരംഭിച്ചതായി കാണുന്നില്ല. എന്നാൽ നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ കണ്ടിജന്റ് ജീവനക്കാർക്കുള്ള ട്രഷറി സേവിംഗ്സ് അക്കൗണ്ടായ TPA-90 നിലവിൽ ഇടപാടുകൾ ഇല്ലാതെ മരവിപ്പിച്ചിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ടങ്ങൾ പ്രകാരമുള്ള പെൻഷൻ വിഹിതം എല്ലാ മാസവും ട്രഷറി അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതും പെൻഷൻ വിതരണം ടി അക്കൗണ്ട് മുഖേന നടത്തേണ്ടതുമാണ്.

# 3-2 തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ-ചെലവുതുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| വൗച്ചർ നം./ഫയൽ നം. | 51/5-17, PW1-17569/11 |
| കോൺട്രാക്ടർ | ശ്രീ.ജെയ്സൺ കുര്യാക്കോസ് |
| അടങ്കൽ | 3,00,000/- |
| തൻവർഷചെവല് | 115754/- |

.

2011-12 വർഷത്തെ പദ്ധതിയിൽ പെടുത്തി പ്രോജക്ട് നം.39/11-12 ആയി വഴിവിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന വേലയ്ക്ക് 3,00,000/- രൂപ വകയിരുത്തിയിട്ടുള്ളതാണ്. ആദ്യബിൽ പ്രകാരം 184246/-രൂപ കോൺട്രാക്ടർ കൈപ്പറ്റിയിട്ടുള്ളതാണ്.15.01.2013 ൽ വേല പൂർത്തീകരിച്ച് ഫൈനൽ ബിൽ എഴുതി എങ്കിലും ബാക്കിയുള്ള 115754/- രൂപ ചെക്ക് നം.873836/9.05.17 പ്രകാരം ആണ് നൽകിയത്. എന്നാൽ പൂർത്തീകരിച്ച വേല (ചെയ്ത ജോലികൾ, വാർഡുകൾ മുതലായവ) സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ഏതെല്ലാം വാർഡുകളിൽ എന്തെല്ലാം ജോലികൾ ചെയ്തിട്ടുണ്ട് എന്നതിന് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. 2012-13-ൽ നൽകേണ്ടതായ തുക 4 വർഷങ്ങൾക്ക് ശേഷം നൽകിയതിനും വിശദീകരണം

ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ ഈയിനത്തിൽ തൻവർഷം ചെലവഴിച്ച 115754/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ലൈബ്രറി സെസ്സ് യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടച്ചിട്ടില്ല

നഗരസഭ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക കേരള സംസ്ഥാന ലൈബ്രറി കൌൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് വൻ തുക ബാദ്ധ്യതയുള്ളതായി കാണുന്നു. നഗരസഭയുടെ 2017-2018 ലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31.03.2018 ൽ ഈയിനത്തിൽ 6189434 /- രൂപ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും 2013-14 മുതലുള്ള തുക ലൈബ്രറി കൗൺസിലിൽ അടവാക്കാതെ നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നു. 22.12.2018 ൽ 2015-16 വർഷം വരെയുള്ള ലൈബ്രറി സെസ്സ് കുടിശ്ശിക (2478073/-രൂപ) മാത്രമാണ് നഗരസഭ അടച്ചതായി കാണുന്നത്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.37 തീയതി 12.02.19 ന് നൽകിയ മറുപടിയിൽ കുടിശ്ശിക തുക അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 20.09.2005 ലെ ഗവണ്മെന്റ് സർക്കുലർ നം.10088/എൽ3/05/തസ്വഭവ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും പിരിക്കുന്ന ലൈബ്രറി സെസ്സ് തുക രണ്ടു ഗഡുക്കളായി (ഏപ്രിൽ 30-ന് മുൻപും നവംബർ 30-നു മുൻപും) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതും ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി ടി കാലയളവിലെ പിഴ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കേണ്ടതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 2015-16 വരെയുള്ള കുടിശ്ശിക അടച്ചതിന് ശേഷവും 3992494/-രൂപയോളം ലൈബ്രറി സെസ്സ് ഇനത്തിൽ കുടശ്ശികയായി അവശേഷിക്കുന്ന സാഹചര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. നഗരസഭ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തുക യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കെ.എസ് ആർ ടി സി ഷോപ്പിംഗ് കോംപ്ലെക്സ് - വരുമാനലഭ്യത ഉറപ്പുവരുത്തിയില്ല.

നഗരസഭയുടെ ഉടമസ്ഥതയിൽ കെ.എസ് ആർ ടി സി ഷോപ്പിംഗ് കോംപ്ലെക്സ് നിർമ്മാണത്തിനായി 2014 -2015 മുതൽ വികസന ഫണ്ടിൽ നിന്നും നഗരസഭ തുക ചെലവഴിച്ചതായി കാണുന്നു.

| പ്രൊ.നം | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| 82/15 | കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 4500000 |
| 133/16 | കെ എസ് ആർ ടി സി ഷോപ്പിംഗ് കെട്ടിടം | 2326800 |
| 222/17 | കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കോംപ്ലക്സ് | 833715 |
| 43/18 | കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കോംപ്ലക്സ് | 1751755 |

വാർഷിക കണക്കുകൾ, വാടക/ ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടി പദ്ധതി പൂർത്തീകരിച്ചുവെങ്കിലും ഷോപ്പിംഗ് കോംപ്ലെക്സിൽ നിന്നും നഗരസഭയ്ക്ക് വരുമാനം ലഭ്യമായതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.40/13.2.19 നൽകിയതിന് മറുപടിയായി ഡിപ്പോസിറ്റ്, വാടക എന്നിവ കുറച്ച് പുതിയ ലേല നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭീമമായ തുക ചെലവഴിച്ച് നഗരസഭ കെട്ടിടം നിർമ്മിച്ചുവെങ്കിലും പദ്ധതി സ്ഥലത്തിന്റെ ലൊക്കേഷൻ, അനുബന്ധ സൗകര്യങ്ങൾ എന്നിവയിലെ അപര്യാപ്തത മൂലം മുറികൾ ലേലത്തിൽ എടുക്കുവാൻ ആരും തയ്യാറാകുന്നില്ല.നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകാതെ മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമായ പഠനം നടത്താതെ പദ്ധതികൾ തയ്യാറാക്കി വികസനഫണ്ട് ചെലവഴിച്ച് നിഷ്ക്രിയ ആസ്തികൾ മാത്രം സൃഷ്ടിക്കുന്ന പ്രവണത ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 അർബൻ ഹാറ്റ് പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല.

നഗരസഭയുടെ ഉടമസ്ഥതയിൽ കൈത്തറി/ഹാന്റി ക്രാഫ്റ്റ് വിൽപ്പന ശാല/ഭക്ഷ്യ- സാംസ്കാരിക പരിപാടികളുടെ നടത്തിപ്പ്

തുടങ്ങിയവയ്ക്കായി സ്ഥിരം വേദി/സംവിധാനം ഏർപ്പെടുത്തുന്നതിനായി കുടുംബശ്രീ യുടെ സാമ്പത്തിക സഹായത്തോടെ നഗരസഭ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതിയാണ് അർബൻ ഹാറ്റ്. ടി പദ്ധതിക്കായി നഗരസഭയ്ക്ക് കുടുംബശ്രീ യിൽ നിന്നും ലഭിച്ച ഒരുകോടി രൂപ, ആയതിന്റെ പലിശ ഇനത്തിൽ ലഭ്യമായ 39 ലക്ഷം രൂപ, വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 31 ലക്ഷം രൂപ എന്നിവ ചെലവഴിച്ചിട്ടുണ്ട് . കുടുംബശ്രീയിൽ നിന്നും 2010 -ൽ തുക ലഭിച്ചുവെങ്കിലും 11.08.2014 ൽ മാത്രമാണ് പദ്ധതിയുടെ വർക്ക് ഓർഡർ നൽകുവാൻ നഗരസഭയ്ക്ക് സാധിച്ചത്.കരാർ പ്രകാരം 30.09.2015 ൽ പൂർത്തിയാക്കേണ്ട പ്രവൃത്തി വിവിധ കാരണങ്ങളാൽ നഗരസഭ കാലാവധി നീട്ടി നൽകി. 03/2017 ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന കാണുന്നു. അർബൻ ഹാറ്റ് കെട്ടിടത്തിന്റെ നമ്പർ അനുവദിക്കുന്നതിന് ടി കെട്ടിടത്തിന്റ താക്കോലുകൾ 19.05.17 ൽ ആർ 3 സെക്ഷനെ ഏൽപ്പിച്ചിരുന്നുവെങ്കിലും നമ്പർ അനുവദിച്ചതായി കാണുന്നില്ല. ഏകദേശം 1.8 കോടിയോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടം തുറന്ന പ്രവർത്തിപ്പിക്കുന്നതിന് നഗരസഭയ്ക്ക് നാളിതുവരെ സാധിച്ചില്ലായെന്ന് ഫയലിലെ രേഖപ്പെടുത്തലുകളിൽ നിന്നും കാണുന്നു. ടി കെട്ടിടം തുറന്ന പ്രവർത്തിപ്പിക്കുന്നതിലേക്കായി പഠന യാത്ര നടത്തുന്നതിന് ചെക്ക് നം.76408 / 27.02.2018 പ്രകാരം 35000 /- രൂപ സൂരജ് കെ.എ., ക്ളർക്ക് - ന്റെ പേരിൽ നൽകിയതായും കാണുന്നു. കോടികൾ ചെലവഴിച്ചിട്ടും പദ്ധതിയിൽ നിന്നും നഗരസഭയ്ക്ക് വരുമാനം ലഭിക്കാത്തതിന്റെയും കാരണം നഗരസഭാ യഥാസമയം നടപടികൾ എടുക്കാതെ നിർമ്മാണം വൈകിച്ചതും, ആദ്യ പ്ലാനിൽ നിന്നും വളരെ വ്യതിയാനങ്ങൾ വരുത്തിയതുമൂലമാണെന്നും കാണുന്നു. കോടികളുടെ ആസ്തി പാഴായി പോകുന്നത് തടയാൻ നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.41/13.02.19) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷം പ്രോജക്റ്റ് നം. S 098/18പ്രകാരം മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആശുപത്രി നിർവ്വഹണം നടത്തിയ "ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ " എന്ന പ്രോജക്ടിനായി ബിൽ നം.06, തീയതി.12/03/2108 പ്രകാരം KSIE ലിമിറ്റഡ് എന്ന സ്ഥാപനത്തിനു 333781/- രൂപ നല്കിയിട്ടുണ്ട്. <u>അടങ്കൽ- 420000/-രൂപ (പ്ലാൻ ഫണ്ട്).</u>

Commod Chair With Wheel, Finger Excerciser, Gell Ball, Motorised Wheel Chair, Reclining Wheel Chair, Smart Cane, Therapy Mat, Walking Stick, Digital Multi Channel Hearing Aid എന്നിവ ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ട്ടുണ്ട്.

ടെണ്ടർ നടപടികൾ കൂടാതെ KSIE Ltd ൽ നിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ DGS&D നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തേണ്ട ബാദ്ധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്.

KSIE പോലുള്ള സ്ഥാപനങ്ങളിൽ നിന്നും ടി സ്ഥാപനങ്ങൾ നിർമ്മിക്കാത്തവ /അസമ്പിൾ ചെയ്യാത്തവ വാങ്ങുമ്പോൾ ഓർഡർ തുകയുടെ 50 % ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാൻഡുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണെന്ന് ജി.ഒ.(പി)01/2006, തീയതി.02/02/2006, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് എന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇങ്ങിനെ ഒരു ഉത്തരവ് നിലവിലുള്ളപ്പോൾ ടെൻഡർ നടപടി കൂടാതെ KSIE Ltd ൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭിച്ചില്ല,

സർക്കാർ ഉത്തരവുകളും ടെൻഡർ നടപടിക്രമങ്ങളും പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - അപാകതകൾ

നഗരസഭയുടെ 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് നം. SO 271/2013 പ്രകാരം തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ 614800/- രൂപ പദ്ധതി വിഹിതം KSEB - ക്ക് കൈമാറി നൽകിയിരുന്നു. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം U/C സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയിരുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/07.02.19) നഗരസഭ നൽകിയ മറുപടിയിൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ നഗരസഭ കെ.എസ്.ഇ.ബി.ക്കെതിരെ WP(C)26005/18 -ാം നമ്പർ കേസ് ഫയൽ ചെയ്യുകയും, 13.09.18 ലെ വിധിയിൽ കെ.എസ്.ഇ.ബി. ഒരു മാസത്തിനുള്ളിൽ പദ്ധതി നടപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായി നഗരസഭ അറിയിച്ചിട്ടുണ്ട്. പദ്ധതി അടിയന്തിരമായി നടപ്പാക്കി തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് മീറ്റർ റീഡിങ്ങിന്റെ അടിസ്ഥാനത്തിലാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 3-8 പെയിന്റിംഗിന് അധിക നിരക്ക് നൽകി - 37013 രൂപ നഷ്ടം

നഗരസഭ ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ചെയ്ത പെയിന്റിംഗ് പ്രവൃത്തിക്ക് നൽകിയിട്ടുള്ള നിരക്ക് പുതിയ കെട്ടിടത്തിന്റെ പെയിന്റിംഗ് പ്രവൃത്തിയുടെ നിരക്കാണ്. ആയതിനാൽ 37013.00രൂപയുടെ നഷ്ടം സംഭവിച്ചു. അപാകത സംബന്ധിച്ച്

07.02.2019 ൽ ഓഡിറ്റ് എൻക്വയറിക്ക് (നം 20) 11.02.2019 ൽ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | SO250/2018 |
| പ്രൊജക്ടിന്റെ പേര് | ഓഫീസ് ഫസ്റ്റ് ഫ്ലോർ നവീകരണം |
| അടങ്കൽ,ഫണ്ടിനം | 450000 - പൊതുവിഭാഗം |
| ചെലവ് | 401955.00 |
| എം ബുക്ക് നമ്പർ | SO250/2018 |
| ട്രഷറി ബിൽ നമ്പർ | 43/28.2.2018 |
| കൺവീനർ | എം എ റസ്വി (0.01 കുറവ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി: എഞ്ചിനീയർ |

**അധിക നിരക്ക് നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.**

| എം ബുക്ക് പേജ് നമ്പർ | ചെയ്ത അളവ് | പുതിയ വർക്ക് (കോഡ് നം 13.60.1)കോസ്റ്റ് ഇൻഡക്സ് 46.08 | തുക | പഴയ വർക്ക് (കോഡ് നം.14.53.1) | തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 23 | 867.828 എം സ്ക്വയർ | 123.36 | 107054.89 | 80.71 | 70042 | 37013.00 |

വളരെ വർഷങ്ങളായി പെയിന്റിംഗ് ചെയ്യാതിരുന്നതിനാൽ ഭിത്തികൾ വൃത്തിഹീനമായിരുന്നു എന്നും പെയിന്റിംഗിന് മുമ്പായി കൂടുതൽ തൊഴിലാളികളെ ഉപയോഗിച്ച് ക്ലീനിംഗ് ചെയ്തതിനാലാണ് പുതിയ ഭിത്തിയിലെ പെയിന്റിംഗ് നിരക്ക് നൽകിയതെന്നാണ് മറുപടിയിൽ അറിയിച്ചത്. ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച നിരക്കിലെ അപാകത വിശദമായി പരിശോധിക്കാതെയും, പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ ഇനങ്ങളും നിരക്കും വ്യക്തമായി പരിശോധിക്കാതെയുമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്. തന്നിരിക്കുന്ന മറുപടിയിൽ ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചിരിക്കുന്ന അപാകതക്ക് കൃത്യമായ വിശദീകരണമില്ല. കൂടാതെ നഗരസഭ പ്രൊജക്ട് നമ്പർ S0251/18 പ്രകാരം നടപ്പാക്കിയ നഗരസഭ ഓഫീസ് ഗ്രൗണ്ട് ഫ്ലോർ പൂർത്തീകരണം എന്ന പ്രൊജക്ടിൽ അനുവദിച്ചിട്ടുള്ളത് കോഡ് നം.14.53.1 പ്രകാരമുള്ള പഴയ കെട്ടിടത്തിന്റെ നിരക്കാണ്.മേൽ കാരണങ്ങളാൽ 37013.00 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടത്തുക കരാറുകാരനിൽ നിന്നും ഉത്തരവാദിയായ അസി:എഞ്ചിനീയർ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-9 ബിറ്റുമിൻ ലേലം നടത്തിയില്ല – വരുമാന നഷ്ടം സംഭവിച്ചു.

ഫയൽ നമ്പർ - പി ഡബ്ല്യ 1- 5684/10 (വോള്യം 2)

നഗരസഭ വാങ്ങിയ ബിറ്റുമിനിൽ അവശേഷിക്കുന്ന ബിറ്റുമിൻ ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തെങ്കിലും നാളിതു വരെ ലേലം ചെയ്തിട്ടില്ല.

നടപടികളുടെ നാൾ വിവരം താഴെ ചേർക്കുന്നു.

1.നഗരസഭ 2011 മുതൽ 2015 വരെയുള്ള വിവിധ കാലയളവിൽ വാങ്ങിയ ബിറ്റുമിനിൽ അവശേഷിക്കുന്നതും നഗരസഭ ഓഫീസിന് മുൻവശത്ത് സൂക്ഷിച്ചിരിക്കുന്നതുമായ ബിറ്റുമിൻ (VG 10) ചോർന്നൊലിക്കുന്നതായി മുനിസിപ്പൽ എഞ്ചിനീയർ 1/08/2017 ൽ റിപ്പോർട്ട് ചെയ്തു.

2.അവശേഷിക്കുന്ന ബിറ്റുമിൻ ബാരൽ 24 എണ്ണം, നാശമായവ 8 എണ്ണം എന്ന് PWO II സെക്ഷൻ 3/08/2017ൽ റിപ്പോർട്ട് ചെയ്തു.

3.മുനിസിപ്പൽ എഞ്ചിനീയർ, സിഡ്കോയിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ബാരലിന് 4970 രൂപ നിരക്കിൽ 119280 രൂപ വില നിശ്ചയിച്ച് ലേലം നടത്തുന്നതിന് കൗൺസിലിലേക്ക് 10/08/2017 ൽ സമർപ്പിച്ചു.

4.നഗരസഭയുടെ 22 മുതൽ 28 വരെയുള്ള വാർഡുകളിൽ പാച്ച് വർക്ക് നടത്തുന്നതിനായി വാങ്ങിയ ബിറ്റുമിൻ പാച്ച് വർക്ക് നടത്താത്തതിനാലും ചില വർക്കുകൾ റീടാറിംഗ് മാറ്റി കോൺക്രീറ്റിംഗ് ആക്കി മാറ്റിയതിനാലുമാണ് ബിറ്റുമിൻ മിച്ചം വന്നത് എന്ന് PWO II സെക്ഷൻ 11/09/2017 ൽ റിപ്പോർട്ട് ചെയ്തു.

5.ബിറ്റുമിൻ ലേലം ചെയ്യുന്നതിന് നഗരസഭ കമ്മറ്റി 22.09.2017 ൽ നം 11 പ്രകാരം തീരുമാനമെടുത്തു.

6.ലേല നോട്ടീസ് 5684/10/വോള്യം 21.10.2017 പ്രകാരം ലേലം നടത്തി.

7.ലേലത്തിൽ ഉയർന്ന തുകയായ 40000 രൂപ ലേലം വിളിച്ചത് ശ്രീ കെ പി മുഹമ്മദാലി,കിഴക്കേക്കര ആണ്. എന്നാൽ തുക കുറവായതിനാൽ പുനർ ലേലം നടത്തുന്നതിന് 22.11.2017 ലെ 12-ാം നമ്പർ പ്രകാരം തീരുമാനിച്ചു.

8.പുനർലേലം 20.12.2017 ൽ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.

9.നഗരസഭ കൗൺസിലിന്റെ 7/11/2018 ലെ 6-ാം നമ്പർ തീരുമാന പ്രകാരം അടുത്ത വർഷത്തെ പ്രവൃത്തികൾക്ക് ബിറ്റുമിൻ ഉപയോഗിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

10.നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് ബിറ്റുമിൻ നൽകുന്നതിന് 16.11.2018 ൽ മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശം നൽകി. എന്നാൽ നഗരസഭ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ബിറ്റുമിന്റെ ലേല നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് 07.02.2019 ൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം .13) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ താഴെ പറയുന്ന വിവരങ്ങൾ/ വിശദീകരണങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കിയില്ല.

a)ബിറ്റുമിൻ വാങ്ങിയ പ്രൊജക്ടുകളുടെ നമ്പർ,പേര്,അംഗീകാര വിവരം, അടങ്കൽ, ഫണ്ടിനം എന്നിവയുടെ വിവരം ലഭ്യമാക്കിയില്ല.

b)ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ, തുക നൽകിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല.

c)ബിറ്റുമിൻ നിലവിൽ സൂക്ഷിച്ചിട്ടുള്ളത് സംബന്ധിച്ച് വിശദ വിവരം,

സ്ഥലം,നിലവിലുള്ള ബാരലുകളുടെ എണ്ണം, കസ്റ്റോഡിയൻ മുതലായവ ലഭ്യമാക്കിയില്ല.

d) റീ ടെണ്ടർ നടത്തിയിട്ടും ആരും വരാഞ്ഞിട്ടും ആദ്യ ലേലത്തിൽ ഉയർന്ന തുക ലേലം വിളിച്ച വ്യക്തിയുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കിയില്ല.

e)നഗരസഭ 2016-17 വർഷത്തെ പ്രവൃത്തികളിൽ അവശേഷിച്ചിരുന്ന ബിറ്റുമിൻ ഉപയോഗിക്കാതിരുന്നതിന്റെ കാരണം വിശദമാക്കിയില്ല.

f)നിലവിൽ ഈ ബിറ്റുമിൻ ഏതെങ്കിലും പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

g)അവശേഷിക്കുന്ന ബിറ്റുമിന്റെ അളവ് 3744 കി ഗ്രാം ആണ് (24X156). എന്നാൽ ബിറ്റുമിൻ രജിസ്റ്റർ പ്രകാരം അവശേഷിക്കുന്ന ബിറ്റുമിന്റെ അളവ് 862.73 ആണ്.(രജിസ്റ്റർ പേജ് നമ്പർ 66). അവശേഷിക്കുന്ന ബിറ്റുമിന്റെ അളവിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരിക്കണമെന്നാവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.

h) ബിറ്റുമിന്റെ 8 ബാരൽ നശിച്ചു പോകാൻ ഉണ്ടായ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും വിശദ വിവരം ലഭ്യമാക്കിയില്ല.

## 3-10 സ്ഥലം വാങ്ങൽ -അധിക വില നൽകി

വനിതാ വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിന് നഗരസഭ 2017-18 ൽ രണ്ടാർ കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് സ്ഥലം വാങ്ങി. റവന്യൂ വകുപ്പ് നിർണ്ണയിച്ചു നൽകിയ വിലയേക്കാൾ അധികരിച്ച വിലക്കാണ് സ്ഥലം വാങ്ങിയത്. ഇക്കാര്യം സംബന്ധിച്ച് 04.02.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 06.02.2019 ൽ നൽകിയ ജി 7-14981/14 നം മറുപടിയിലെ വിശദീകരണത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | S0203/18 (സ്പിൽ ഓവർ) വനിതാ വ്യവസായ കേന്ദ്രത്തിന് വേണ്ടി രണ്ടാർ കമ്മ്യൂണിറ്റി ഹാളിനു സമീപം സ്ഥലം വാങ്ങൽ |
| അടങ്കൽ/ ഫണ്ടിനം | 600000, എസ് സി പി |
| ചെലവ്, ട്രഷറി ബിൽ നമ്പർ | 583430/- 21/31.08.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വാങ്ങിയ സ്ഥലത്തിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വില്ലേജ് | മൂവാറ്റുപുഴ |

| | |
|---|---|
| സർവ്വെ നമ്പർ | 103/10-4 |
| വിസ്തീർണ്ണം | 2.43 ആർ ( 6 സെന്റ് ) |
| ഉടമ | വാസു ഭാര്യ ശാന്ത |

**വാങ്ങൽ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.**

മൂവാറ്റുപുഴ വില്ലേജ് ഓഫീസർ 7.02.2015 ൽ നൽകിയ 81/15 നമ്പർ സ്ഥല വില സാക്ഷ്യ പത്രം പ്രകാരം ഒരു ആറിന് 150000 രൂപ ന്യായവില നിശ്ചയിച്ച് 20% വർദ്ധനവ് വരുത്തി 180000 രൂപ വില നിർണ്ണയിച്ചു. എന്നാൽ നഗരസഭ സ്ഥലം വാങ്ങിയിട്ടുള്ളത് 29.03.2017 ലെ 10(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ആറിന് 216000 രൂപ നിരക്കിലാണ്. നഗരസഭ സ്ഥലം വാങ്ങുന്നതിന് ആധാരമായ 2000 ലെ നഗരസഭ വസ്തു ആർജ്ജിക്കലും വിറ്റൊഴിക്കലും ചട്ടങ്ങളിലെ ചട്ടം 5(c) പ്രകാരം ബന്ധപ്പെട്ട റവന്യൂ ഓഫീസർ എഴുതി നൽകുന്ന വിലയേക്കാൾ സ്ഥല വില അധികരിക്കാൻ പാടില്ല. 2015 ലാണ് സ്ഥലവില സാക്ഷ്യ പത്രം ലഭിച്ചതെന്നും 2017 ലാണ് സ്ഥലം വാങ്ങിയതെന്നും രണ്ട് വർഷ കാലയളവിനുള്ളിൽ സ്ഥലത്തിന്റെ ന്യായ വിലയിൽ വർദ്ധനവ് ഉണ്ടായതിനാലാണ് നഗരസഭ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥല വില അധികരിച്ച് നൽകിയതെന്ന് മറുപടിയിൽ അറിയിച്ചു. 2015 ൽ അംഗീകരിച്ച വിലയേക്കാൾ അധികരിച്ച വില നൽകണമെന്നാവശ്യപ്പെട്ട് സ്ഥല ഉടമ അപേക്ഷ സമർപ്പിച്ചിട്ടില്ല. മാത്രുവുമല്ല ഒരിക്കൽ ധാരണയിലെത്തിയ സ്ഥല വില പിന്നീട് മാറ്റം വരുത്തിയതും ശരിയായ നടപടിയല്ല. നഗരസഭ വസ്തു ആർജ്ജിക്കുന്ന നടപടികളിൽ ചട്ടം, ഉത്തരവുകൾ എന്നിവ പാലിക്കേണ്ടതാണ്.

# 3-11 വെള്ളക്കരം - വൻതുക ഫൈൻ അടവാക്കി

വാഴപ്പള്ളി ഗവ:ജെ.ബി സ്കൂളിന്റെ വെള്ളക്കരം സമയബന്ധിതമായി അടവാക്കാഞ്ഞതിനാൽ ഫൈൻ ഇനത്തിൽ വൻ തുക അടച്ചു. അപാകത സംബന്ധിച്ച് 05/02/2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 06/02/2017 ൽ നൽകിയ ജി 7/14981/14 നമ്പർ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

**പ്രൊജക്ടിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.**

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | S0129/18<br>വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി, വാട്ടർ ചാർജ് |
| അടങ്കൽ/ ഫണ്ടിനം | 1704000,<br>മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ്, ട്രഷറി ബിൽ നമ്പർ | ആകെ 1371872 .<br>(വിവിധ സ്കൂളുകൾ)<br>75/22.11.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ചെലവിന്റെ നാൾവഴികൾ താഴെ ചേർക്കുന്നു.

1.ഗവ:ജെ.ബി. സ്കൂളിന്റെ (കൺസ്യൂമർ നമ്പർ MVG/111/N ) വെള്ളക്കര കുടിശ്ശിക നൽകണമെന്ന് ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റി അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ,മൂവാറ്റുപുഴ 18.03.2017 ൽ 1063/15 നം കത്ത് നൽകി.

2.കുടിശ്ശിക തുക 202812 ആയിരുന്നെങ്കിലും 2018 ലെ റവന്യൂ അദാലത്തിൽ 119235 രൂപയായി കുറവ് ചെയ്തു.

3.119235 രൂപ ഓൺ ലൈൻ ട്രാൻസാക്ഷൻ മുഖേന 29.01.2018 ൽ അടവാക്കി.

വെള്ളക്കരം അടച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റി നൽകിയ വിശദ വിവര ബിൽ പ്രകാരം 22.03.1989 ൽ നൽകിയ കണക്ഷന്റെ 31.12.2001 ന് മുൻപുള്ള കുടിശ്ശിക അടവാക്കാനുണ്ട്. കണക്ഷൻ എടുത്ത സമയം മുതൽ വാട്ടർ ചാർജ് അടവാക്കിയിട്ടില്ല എന്നാണ് ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്. ഇക്കാര്യം പരിശോധിച്ച് വ്യക്തത വരുത്തി വെള്ളക്കരം അടക്കാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ അടവാക്കാതിരുന്നതാകാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

2. ഏതാനും മാസത്തെ വാട്ടർ ചാർജ്, ഫൈൻ എന്നിവ താഴെ ചേർക്കുന്നു.

| ക്രമ നം | മാസം | വാട്ടർ ചാർജ് | ഫൈൻ |
|---|---|---|---|
| 1 | ജനവരി 2004 | 720 | 974 |
| 2 | ജനവരി | 102 | 2046 |

| | | | |
|---|---|---|---|
| | 2007 | | |
| 3 | ജനവരി 2009 | 127 | 3355 |

നാമമാത്രമായ തുകയാണ് വാട്ടർ ചാർജ് എന്നാൽ വൻ തുകയാണ് ഫൈൻ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 31.12.2001 മുതൽ 30.09.2009 വരെയുള്ള വാട്ടർ ചാർജ് 43385 രൂപയും ഫൈൻ 159427 രൂപയുമാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം വാട്ടർ കണക്ഷൻ 19.09.2009 ന് വിച്ഛേദിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷനുകളുടെ ബിൽ തുക കൃത്യസമയത്ത് അടച്ച് അമിത തുക ഫൈൻ ഇനത്തിൽ അടക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-12 ഡാറ്റ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാതെ പ്രൊജക്ട് നടപ്പാക്കി

2017-18 ൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഡാറ്റ, എസ്റ്റിമേറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയവ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 12.02.19 ൽ ഓഡിറ്റ്എൻക്വയറി (നം 34) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ/പേര്/ നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ/പ്രധാന പ്രവൃത്തികൾ | കരാറുകാരൻ | എം ബുക്ക് നമ്പർ | ചെലവ്/ ട്രഷറി ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | S0097/18, ഓഫീസ് ക്യാബിൻ വർക്കുകൾ സൗണ്ട് സിസ്റ്റം, സി സി ടിവി ക്യാമറ സ്ഥാപിക്കൽ, അസി: എഞ്ചിനീയർ | 500000 രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റ്. വർക്ക് സ്റ്റേഷൻ, മൊബൈൽ പെഡസ്റ്റൽ,സി പി യു ട്രോളി | ഇൻറ്റ്യയ്റ്റീവ് ഡിസൈൻ, രവിപുരം | S0097/18 | 488097 രൂപ 7- 27/01/18 |
| 2 | S0038/18, നഗരസഭാ ഓഫീസ് നവീകരണം, മുനിസിപ്പൽ എഞ്ചിനീയർ | 551855 രൂപ, ലോക ബാങ്ക് സഹായം. വർക്ക് സ്റ്റേഷൻ, മൊബൈൽ പെഡസ്റ്റൽ, സി പി യു ട്രോളി, ബ്ലൈൻഡ്സ്. | ഇൻറ്റ്യയ്റ്റീവ് ഡിസൈൻ, രവിപുരം | S0038/18 | 1)134987 രൂപ 30- 17/8/17 2)416868 രൂപ 67- 28/3/18 |
| 3 | S0039/18, നഗരസഭാ ഓഫീസ് നവീകരണം 2-ാം ഘട്ടം, മുനിസിപ്പൽ എഞ്ചിനീയർ | 250280 രൂപ, ലോക ബാങ്ക് സഹായം.ക്യാബിൻ ടേബിൾ,മൊബൈൽ പെഡസ്റ്റൽ,സ്റ്റോറേജ്,ഫ്രീ സ്റ്റാന്റിംഗ് ക്യൂബിക്കിൾ പാർട്ടീഷൻ, വെർട്ടിക്കൽ ബ്ലൈൻഡ്സ്, സെക്രട്ടറി ക്യാബിൻ | ഇൻറ്റ്യയ്റ്റീവ് ഡിസൈൻ, രവിപുരം | S0039/18 | 243026 രൂപ 65- 28/3/18 |

ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമല്ലാത്തതിനാൽ 1282978/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

# 3-13 ജി എസ് റ്റി ബിൽ ലഭ്യമാക്കിയില്ല

നഗരസഭ 2017-18 ൽ നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയൽ, ഈസ്റ്റ് ബസ് സ്റ്റാന്റ് പ്രൊജക്ടുകളുടെ ഫയലിൽ ജി എസ് റ്റി ബിൽ സൂക്ഷിച്ചിട്ടില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

.

| ക്രമ നം | പ്രൊജക്ട് നം/ പേര് | അടങ്കൽ/ ഫണ്ടിനം/ നിർവ്വഹണ ഉദ്യോഗസ്ഥൻ | കരാറുകാരൻ | ചെലവ് |
|---|---|---|---|---|
| 1 | S0103/18, | 455000, | ജെയ്സൺ | 444579 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് ലൈറ്റ് മറ്റീരിയൽ വാങ്ങൽ | ധനകാര്യ കമ്മീഷൻ അവാർഡ്, അസി:എഞ്ചിനീയർ | കുര്യാക്കോസ് | രൂപ, 21- 9/2/18 |
| 2 | SO225/18, ഈസ്റ്റേൺ ബസ് സ്റ്റാന്റ് യാർഡിൽ ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും | 238216, കെ എൽ ജി എസ് ഡി പി ഫണ്ട്, മുനിസിപ്പൽ എഞ്ചിനീയർ | ജെയ്സൺ കുര്യാക്കോസ് | 220690 രൂപ, 54- 17/1/18 |

ട്യൂബ്, ബൾബ്, ചോക്ക്, സ്റ്റാർട്ടർ മുതലായവയാണ് പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയിട്ടുള്ളത്. ജി എസ് റ്റി ഉൾപ്പെടെയുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരൻ ബിൽ സമർപ്പിച്ചിട്ടില്ല. കൂടാതെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നിരക്ക് കെ എസ് ഇ ബി നിശ്ചയിച്ച് നൽകണം. ആയതും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇക്കാര്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 12.02.2019 ൽ ഓഡിറ്റ് എൻക്വയറി ( നം 39 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അവശ്യ രേഖകളുടെ അഭാവത്തിൽ 665269/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-14 യഥാസമയം കരാർ വെക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നില്ല

നഗരസഭയുടെ 2017-18 വാർഷിക പദ്ധതിയിൽ കരാറുകാർ വഴി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത സമയ പരിധി കഴിഞ്ഞാണ് കരാർ വെച്ചിട്ടുള്ളത്. ജി.ഒ.പി. നം. 13/2012/PWD/ 1.2.2012 ഉത്തരവു പ്രകാരം പുതുക്കിയ പി.ഡബ്ല്യ.ഡി. മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത സംഗതികളിൽ PAC യുടെ 1% പിഴ ഈടാക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | കരാർ തീയതി | PAC | പിഴ (1%) | കരാറുകാരൻ |
|---|---|---|---|---|---|
| 163/18 | 04.10.17 | 25.11.17 | 250000 | 2500/- | ജെയ്സൺ കുര്യാക്കോസ് |
| 43/18 | 12.12.17 | 20.01.2018 | 100000 | 1000/- | ,, |
| 172/18 | 5.10.2017 | 27.10.2017 | 345000 | 3450 | ,, |
| 235/18 | 29.12.17 | 20.01.2018 | 250000 | 2500 | ,, |
| 161/18 | 05.10.2017 | 09.11.2017 | 500000 | 5000 | N K ASHRAF |
| 171/18 | 05.10.2017 | 31.10.17 | 400000 | 4000 | ,, |
| 254/18 | 27.12.17 | 16.01.18 | 200000 | 2000 | K GOPI |
| 74/18 | 05.10.17 | 04.11.17 | 500000 | 5000 | K GOPI |
| 123/18 | 05.10.17 | 25.11.17 | 500000 | 5000 | N A SUBAIR |
| 77/18 | 05.10.17 | 01.11.17 | 500000 | 5000 | NA SUBAIR |
| 119/18 | 05.10.17 | 25.11.17 | 500000 | 5000 | NA SUBAIR |
| 168/18 | 05.10.17 | 02.11.17 | 1200000 | 12000 | P K RAVI |

കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ് .

# 3-15 മാലിന്യ സംസ്ക്കരണത്തിന് എയ്റോബിക് ബിൻ സ്ഥാപിക്കൽ- അപാകതകൾ

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്റ്റ് നം 205 / 18 പ്രകാരം നഗരസഭയിലെ 20 സ്ഥലങ്ങളിൽ മാലിന്യ

സംസ്കരണത്തിനായി എയ്റോബിക് ബിൻ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നു. 10 ലക്ഷം രൂപ അടങ്കൽ ഉള്ള ടി പദ്ധതിയിൽ 20 ബിന്നുകൾ തയ്യാറക്കുന്നതിനും ബിന്നുകൾ സൂക്ഷിക്കുന്നതിന് വെജിറ്റബിൾ മാർക്കറ്റിന് സമീപം ഷെഡ് നിർമ്മിക്കുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ പരിസരവാസികളുടെ എതിർപ്പ് കാരണം ഷെഡ് നിർമ്മാണം നടന്നില്ല. പകരം ടി തുകയ്ക്ക് കൂടി ബിന്നുകൾ നിർമ്മിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. 24 .03 .2018 ൽ പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബിൽ നം .90 / 17 - 18 / 26.03.18 പ്രകാരം 985078 /- രൂപ മാറി കോൺട്രാക്ടർ ശ്രീ. സുബാഷിന് നൽകിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അധികമായി നിർമ്മിച്ച ബിന്നുകൾ എവിടെ സ്ഥാപിക്കണമെന്ന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. പി.ഡബ്ല്യു.ഡി. റോഡിൽ ഇവ സ്ഥാപിക്കുന്നതിന് പി.ഡബ്ലു. ഡി യുടെ അനുമതി ലഭിച്ചതിന്റെ വിവരവും ലഭ്യമല്ല. പദ്ധതി പ്രകാരം നിർമ്മിച്ച ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരം, പി. ഡബ്ല്യു.ഡി. യുടെ അനുമതി ലഭിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 48/14.2.19 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം നിർമ്മിച്ച ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരം, നിലവിലെ അവസ്ഥ, പി.ഡബ്ല്യു.ഡി. റോഡിൽ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള അനുമതി എന്നിവ ലഭ്യമാക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 985078/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 ഫ്യുവൽ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

ഓഡിറ്റ് കാലയളവിൽ നഗരസഭയിലെ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഫ്യുവൽ അടിക്കുന്നതിന്റെ ചെലവ്, പ്രവർത്തന സമയം എന്നിവ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2018 ഓഗസ്റ്റ് മാസമുണ്ടായ പ്രളയത്തിൽ ജനറേറ്ററിന് തകരാർ സംഭവിച്ചതിനാൽ ജനറേറ്റർ നിലവിൽ പ്രവർത്തിക്കുന്നില്ല. 08/2018 വരെ പ്രവർത്തിച്ചിരുന്ന ജനറേറ്ററിന്റെ ടി കാലയളവിലെ ഫ്യുവൽ നിറച്ചതിന്റെ ചെലവുവിവരത്തോടൊപ്പം പ്രവർത്തിപ്പിക്കുന്നതിന്റേയും വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ലോഗ്ബുക്ക് സൂക്ഷിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചില്ല

04.10.2011 ലെ ജി.ഒ (പി) 419/2011/ധന പ്രകാരം മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണ യായി ഈടാക്കേണ്ടതും, (മേൽ ഉത്തരവ് ഖണ്ഡിക -4-III), സമയബന്ധിതമായി ക്രമീകരിച്ചുവെങ്കിലും അധികം അഡ്വാൻസ് തുക തിരികെ അടയ്ക്കേണ്ടിവന്നവരിൽ നിന്നും 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ് (മേൽ ഉത്തരവ് ഖണ്ഡിക -4-II). മുൻകൂറുകൾ നൽകുമ്പോൾ മേൽ സർക്കാർ ഉത്തരവിലെ അഡ്വാൻസിന്റെ കാലാവധിയായ മൂന്ന് മാസ പരിധി കർശനമായി പാലിക്കേണ്ടതും, മൂന്നുമാസ കാലാവധി കഴിയുന്ന മുറയ്ക്ക് ഖണ്ഡിക -4-III ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണ യായി ഈടാക്കേണ്ടതുമാണ്.

1. 2017-18 വർഷത്തിൽ നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

.

| ക്രമ നമ്പർ | വൗച്ചർ നമ്പർ തീയതി. | ഫയൽ നമ്പർ | മുൻകൂർ കൈപറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂറിന്റെ ഉദ്ദേശ്യം | മുൻകൂർ തുക രൂപ. |
|---|---|---|---|---|---|
| 1 | 81-05/17- 28/05/2017 | PH1. 1677/17 | റജി വറുഗീസ് JHI IInd | ഗവ.ആയുർവേദ ആശുപത്രി-മരം മുറിക്കുന്നതിന്. | 7000/- |
| 2 | 79-07/2017 29/07/2017 | PH3. 18560/16 | അജിത്കുമാർ. N.K. HI IInd | ശുചിത്വമിഷൻ | 19000/- |
| 3 | 77-09/2017 27/09/2016 | PH2. 14636/17 | അജിത്കുമാർN.K. HI IInd | സ്വച്ഛതാ പ്രോഗ്രാം | 50000/- |
| 4 | 43-10/2017 11/10/2017 | PH2. 14777/17 | ശ്രീമതി ഡിജി.ടി.ഡി. ജൂനിയർ.JH I | ക്ളീനിംഗ് ഡമ്പിംഗ് യാർഡ് | 19200/- |
| 5 | 63-10/2017 19/10/2017 | G2- 10065/17 | ശ്രീ ബേബി കെ.സി- എൽ.ഡി.സി. | കേരളോൽസവം -നടത്തിപ്പ് | 35000/- |
| 6 | 46-8/2017 09/08/2017 | PH3. 18560/17 | പി.ജി. ശിവപ്രസാദ് അസി. എക്സി. എൻജിനിയർ | ഫ്രീഡം ഫ്രം വേസ്റ്റ് പ്രോഗ്രാം | 49,000/- |
| 7 | 96-11/2017 01/11/2017 | PH2. 16392/2017 | ശ്രീമതി ഡിജി.ടി.ഡി. ജൂനിയർ.H I | ക്ളീനിംഗ് ഡമ്പിംഗ് യാർഡ് | 97300/- |
| 8 | 79-12/2017 28/12/2017 | G7. 17914/17 | സൂരജ് കെ.എ ക്ലർക്ക്. | 2018-19 പദ്ധതിരൂപീകരണം-വിദ്യാഭ്യാസസെമിനാർ | 26000/- |
| 9 | 82-01/2018 29/01/2018 | CDS. 15451/2017 | മധു ഗോപാൽ HI | പകൽവീട് ഉദ്ഘാടനം | 20000/- |

| | | | | | |
|---|---|---|---|---|---|
| 10 | 51-02/2018 8/02/2018 | PH2. 18202/2017 | ശ്രീമതി ഡിജി.ടി.ഡി. ജൂനിയർ.JH I | സ്വച്ഛ് സർവേഷൻ -നടത്തിപ്പ് | 40000/- |
| 11 | 100-2/2018 27/02/2018 | PH3. 19/2011 | എൻ. കെ.രാജൻ HI | എംപ്ളോയ്മെന്റ് കാർഡ് വിതരണം | 7500/- |
| 12 | 101-02/2018 27./02/2018 | G2. 3900/18 | സൂരജ് കെ.എ ക്ലർക്ക്. | .ട്രാവൽ എക്സ്പെൻസ്.- പഠനയാത്ര | 35000/- |
| 13 | 82-03/2018 09/03/2018 | PH2. 2533/18 | ശ്രീ.സെബി ഔസേഫ് HI | യാചകനിരോധനം-പദ്ധതി | 15000/- |
| 14 | 102-03/2018 19/03/2018 | G7. 17914/17 | സൂരജ് കെ.എ ക്ലർക്ക്. | 2018-19-വികസന സെമിനാർ | 85000/- |

**2. മുൻകൂർ കൈപ്പറ്റി സമയപരിധിക്കുശേഷം ക്രമീകരിച്ചത്-**

| ക്രമ നമ്പർ | വൗച്ചർ നമ്പർ തീയതി. | ഫയൽ നമ്പർ | മുൻകൂർ കൈപറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂറിന്റെ ഉദ്ദേശ്യം | മുൻകൂർ തുക രൂപ. | ക്രമീകരിച്ചത് (വൌ.നം./ തിയതി) |
|---|---|---|---|---|---|---|
| 1 | 28/5-17 5.5.17 | -311/05-06 | ശ്രീമതി.ജിജി.ജോസ് | അംഗീകാരമില്ലാത്ത നിർമ്മാണം-ഡിമോളീഷ് | 15000/- | 23480/- (120/3-18/20.03.18) |
| 2 | 73/7-17/27.7.17 | -15631/15 | ശ്രീമതി ഡിജി.ടി.ഡി. ജൂനിയർ.JH I | മരം മുറിക്കൽ | 5750/- | 5750/- (75/1-18/24.1.18) |
| 3 | 136/8-17/31.8.17 | -627/15 | ശ്രീ.രാജൻ.പി. സൂപ്രണ്ട്. | സ്ഥലം വാങ്ങൽ-രണ്ടാർ കമ്മ്യൂണിറ്റി ഹാൾ | 59000/- | 58742/- (258/- തിരിച്ചടച്ചത്.) (36/2-18/5.2.18) |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികൾ യഥാസമയം മുൻകൂർ തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കി മറുപടിയിൽ മേൽ ഉത്തരവ്വ പ്രകാരം തുകകൾ ക്രമീകരിക്കാമെന്നറിയിച്ചിട്ടുണ്ട്. അതുപ്രകാരം തുകകൾ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.മുൻവർഷങ്ങളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളും ക്രമീകരിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം സംയുക്ത പ്രൊജക്ടുകൾക്കായി ഫണ്ടുകൾ ലഭിച്ചിട്ടില്ല .

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ( SO 152/18) | 71/2017-18 / 13.03.18 | 400000 | 0 | 400000 |
| KSEB | സ്ട്രീറ്റ് ലൈൻ നീട്ടൽ (SO105/18) | 1/2017-18 / 12.1.18 (427350) 12/2017-18/ 14.2.18 (756932) | 1184282 | 0 | 1184282 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 KURDFC ലോൺ സംബന്ധിച്ച കണക്കുകൾ കൃത്യമല്ല.

നഗരസഭയുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ 4-4 പ്രകാരം 31.03.2017 ൽ ലോൺ ഇനത്തിൽ തിരിച്ചടക്കവാനുള്ള തുക 2,04,50,942/- രൂപയായിരുന്നു. എന്നാൽ നഗരസഭയിലെ ഫയൽ (A1-4028/99) പ്രകാരം KURDFC ലോൺ ഇനത്തിൽ നഗരസഭയ്ക്ക് കുടിശ്ശിക ഇല്ലായെന്നും, നഗരസഭ KURDFC ക്ക് ലോൺ തിരിച്ചടവായി 48,24,364/- രൂപ അധികമായി അടച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. 15.10.2018 ലെ KURDFC യുടെ കത്തിൽ (നം. KURDFC/എം.പി.2/ആർ.ആർ.2011) 26.03.2007 ലെ KURDFC യോഗത്തിൽ നഗരസഭയുടെ ലോൺ പുനഃക്രമീകരിച്ചതായും പലിശ 17% ൽ നിന്നും 12.5% ആയി കുറയ്ക്കുകയും ചെയ്തു. കൂടാതെ പലിശ ഭാഗം മരവിപ്പിക്കുവാൻ സർക്കാരോ KURDFC യോ തീരുമാനം എടുത്തിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി കത്ത് പ്രകാരം നഗരസഭയ്ക്ക് താഴെ ചേർക്കുന്ന ബാധ്യത നിലവിലുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

**<u>30.09.2018 ലെ ബാധ്യത</u>**

| | |
|---|---|
| മുതൽ | 1,34,46,412 |
| പലിശ | 1,09,91,352 |
| പിഴപ്പലിശ | 10,85,998 |
| ആകെ | 2,55,11,814 |

എന്നാൽ ടി ഭീമമായ ബാധ്യത അടച്ചുതീർക്കുന്നതിനോ, നഗരസഭയുടെ ഭാഗം തെളിയിക്കുന്നതിനോ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ലായെന്ന് കാണുന്നു. പലിശ, പിഴപ്പലിശ ഇനത്തിൽ നഗരസഭയ്ക്ക് ഭീമമായ ബാധ്യത ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ ഈ വിഷയത്തിലേയ്ക്ക് നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3906151 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 336585 |
| ആകെ | 4242736 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 400000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3842736 |

**(2017-18)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് (ഇ.ഡി.സി.ബി) | 761590 | 012385000000005 (Sl. No.126666) |
| | 1295640 | 012385000000006 (Sl. No.126665) |
| ആകെ | **2057230** | |
| സിൻഡിക്കേറ്റ് ബാങ്ക് | 1785506 | അക്കൗണ്ടിൽ തന്നെ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടിരിക്കുന്നു. |
| ആകെ | 3842736 | |

മൂവാറ്റുപുഴ നഗരസഭയുടെ 2017-18 വാർഷിക ധനകാര്യപത്രികയിലെ സ്ഥിരനിക്ഷേപം എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 31/03/2017-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം **3842736**/- ആണെങ്കിലും, ബാലൻസ് ഷീറ്റിലെ B-12 ഷെഡ്യൂളിൽ വരുന്നത് **2057230**/ എന്ന തുക മാത്രമാണ്. ബാക്കി 1785506/- രൂപ അർബൻ ഹാറ്റ് എന്ന പ്രൊജക്ടിന്റെ അക്കൗണ്ടായ സിൻഡിക്കേറ്റ് ബാങ്കിലെ എസ്.ബി.അക്കൗണ്ടിൽ തന്നെ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടിരിക്കുകയാണ്. കൂടാതെ IHSDP- യൂണിയൻ ബാങ്ക് അക്കൗണ്ട്, ഇ.എം.എസ്.ഹൗസിങ് ഫണ്ട് - കാനറ ബാങ്ക് എന്നീ അക്കൗണ്ടുകൾ ഫ്ലെക്സി-ഫിക്സഡ് സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം-ഇക്വറ്റി ഷെയറിന്റെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Equit share-CLEAN KERALA COMPANY LIMITED (Rs. 1000/- x 500Nos.) | 500000/- |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ രജിസ്റ്റർ പ്രകാരം 29776 രൂപയുടെ വരവുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നം /തീയതി |
|---|---|---|---|---|
| 2014-2015 | 2-1(2) | 250 | CM വൽസല , കാനറ ബാങ്ക് | 117010400044/24.08.17 |
| | 3-10-(2) | 5012 | M. ബഷീർ , കോൺട്രാക്ടർ | 1170104535/31.8.17 |
| | 3-10-(2) | 11840 | ബിജു.ബി.എൻ. , കോൺട്രാക്ടർ | 1170104545/31.8.17 |
| | 3-5 | 1304 | ശാന്ത സുകുമാരൻ, കൗൺസലർ (വാർഡ് 10) | 01/11601 104193/ 11.8.17 |
| 2013-14, | 2-1- (1-7) | 420 | ഹെഡ് മിസ്ട്രസ്സ് , എം,ഐ ഇ റ്റി എച്ച് എസ്സ് | 117010109304/ 31.1.18 |
| 2015-16 | 2-2 | 120 | കുട്ടപ്പൻ, കൃഷ്ണ റീജൻസി | 117010101019/ 19.9.17 |
| | 2-2 | 990 | കൃഷ്ണ റീജൻസി | 117010101019/ 19.9.17 |
| 2016-17 | 2-6 | 1200 | മാനേജർ , ചിട്ടയിൽ സ്റ്റോർ | 41700298/28.02.2018 |
| | 2-6 | 2400 | മാനേജർ, സിസ്സി പോയിന്റ് | 41701011242/06.03.2018 |
| | 2-6 | 3600 | ആർ ടെക് ബിൽഡിംഗ് ഡിസൈൻ സ് | 41700299/13.03.2018 |
| | 2-6 | 1320 | മാനേജർ , റോയൽ ബേക്കേഴ്സ് | 41700300/14.03.2018 |
| | 2-6 | 1320 | മാനേജർ , റോയൽ ബേക്കേഴ്സ് | 41700301/14.03.2018 |
| **ആകെ** | | 29776 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-7 | 2006-07 | 4.15.1 | സത്രം-കം ഷോപ്പിംഗ് കോംപ്ലക്സ് വാടക വർദ്ധനവ് വരുത്താതിരിക്കൽ നഷ്ടം-39222/- രൂപ | LFAC 2016-19 22-ാമത് റിപ്പോർട്ട് ഖ.95 പ്രകാരം ഒഴിവാക്കി |
| 2006-07 | 3.30.2 | 2009-10 | 3.8.22(1) | ആധുനിക അറവുശാല നിർമാണം. നഗരസഭയുടെ അശ്രദ്ധമൂലം ലക്ഷങ്ങളുടെ പാഴ്ച്ചെലവ്-13 ലക്ഷം | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം അറവുശാല അറ്റകുറ്റപ്പണി നടത്തി PCB നിർദ്ദേശാനുസരണമുള്ള മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തി ഉപയോഗക്ഷമമാക്കണം. |
| 2006-07 | 3.14.1 | 2009-10 | 3.7.11(1) | വനിതാ വ്യവസായ വികസനം | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം ഉത്തരവാദിയായ |

| | | | | | |
|---|---|---|---|---|---|
| | | | | ഫോട്ടോസ്റ്റാറ്റ് മെഷിൻ സ്ഥാപിക്കൽ | ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണം. |
| 2006-07 | 2-2(7) | 2009-10 | 2-6-5 | കംഫർട്ട് സ്റ്റേഷൻ ലേലം നഷ്ടം 60000/- | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം പിഴപ്പലിശ ഈടാക്കണം. |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 227258287 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 234099375 |
| വരവിനങ്ങളിലുള്ള നഷ്ടം | 146914 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37013 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3049079 |

**ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 15000 | | ശ്രീ.ഷിബു.വി.പി., സെക്രട്ടറി |
| 2-8-2 | 73833 | | ശ്രീ.ഷിബു.വി.പി., സെക്രട്ടറി |
| 2-8-3 | 58081 | | ശ്രീ.ഷിബു.വി.പി., സെക്രട്ടറി |
| 3-8 | | 37013 | ശ്രീ.മൻസൂർ.റ്റി.എ,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | **146914** | **37013** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 115754 | ശ്രീ.ഷിബു.വി.പി., സെക്രട്ടറി |
| 3-12 | 794881 | ശ്രീമതി അമ്പിളി.റ്റി.എ , മുനിസിപ്പൽ എഞ്ചിനീയർ |
| 3-12 | 488097 | ശ്രീ.മൻസൂർ.റ്റി.എ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 444579 | ശ്രീ.മൻസൂർ.റ്റി.എ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 220690 | ശ്രീമതി അമ്പിളി.റ്റി.എ , മുനിസിപ്പൽ എഞ്ചിനീയർ |
| 3-15 | 985078 | ശ്രീ.മൻസൂർ.റ്റി.എ,അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **3049079** | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിബു വി.പി.,<br>സെക്രട്ടറി | സെക്രട്ടറി,<br>ഗുരുവായൂർ നഗരസഭ | വട്ടക്കുന്നേൽ,<br>വാരപ്പെട്ടി പി.ഒ,<br>മൂവാറ്റുപുഴ<br>686691 |
| ശ്രീ.മൻസൂർ.റ്റി.എ,<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>മൂവാറ്റുപുഴ നഗരസഭ | തുകലിൽ ഹൗസ്<br>മുടിക്കൽ പി.ഒ.<br>പെരുമ്പാവൂർ –<br>683547 |
| ശ്രീമതി അമ്പിളി<br>റ്റി.എ.,<br>മുനിസിപ്പൽ<br>എഞ്ചിനീയർ | എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ<br>കൊച്ചി നഗരസഭ | നെല്ലിക്കൽ ഹൗസ്<br>മങ്ങാട്ടൂർ,<br>കോലഞ്ചേരി പി.ഒ.<br>682311 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | LFE(EKM)M1 519/88/15-06-00 |
| 1997-98 | LFE(EKM)M1 128/93/22-12-93 |
| 1998-99 | LFE(EKM)M1 129/01/12-12-01 |
| 1999-00,<br>2000-01 | LFE(EKM)M2 1943/09/13-11-07 |
| 1999-00,<br>2000-01 | LFE(EKM)M2 43/05/19-04-88 |
| 1997-98 | LFE(EKM)M2 1555/88/3-11-12 |
| 1998-99 | LFE(EKM)M2 43/05/19-04-88 |
| 1999-00 | LFE(EKM)M2 1555/88/3-11-12 |
| 2000-01 | LFE(EKM)M2 775/05/29-12-05 |
| 2001-02 | LFE(EKM)M1 1158/07/21-11-07 |
| 2002-03 | LFE(EKM)M1 441/08/11-05-09 |
| 2003-04 | LFE(EKM)M1 383/12/30-03-12 |
| 2004-05 | LFE(EKM)M2 43/13/07-01-13 |
| 2005-06 | LFE(EKM)M2 43/13/07-01-13 |
| 2006-07 | LFE(EKM)M1 441/08/11-05-09 |
| 2007-08 | LFE(EKM)M1 139/10/17-10-11 |
| 2008-09 | LFE(EKM)M1 519/88/15-06-00 |
| 2009-10 | LFE(EKM)M1 314/11/10-02-12 |
| 2010-11,<br>2011-12 | LFE(EKM)M2 14/14/29-01-15 |

| | |
|---|---|
| 2012-13 | LFE(EKM)M2 972/15/16-11-15 |
| 2013-14, 14-15 | KSA(EKM)M2 1116/2016/13-07-16 |
| 2015-16 | KSA(EKM)M1 101/2017/08-02-17 |
| 2016-17 | KSA(EKM)M2- 2163/2017 /30-11-17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
എറണാകുളം ജില്ലാ ഓഡിറ്റ്
സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.-ഇ.കെ.എം.(എം.2)299/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം.
ഫോൺ 0484 2422271
ഇ മെയിൽ – doekm.ksad@kerala.gov.in

തീയതി 27.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6) 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **മൂവാറ്റുപുഴ നഗരസഭയുടെ 2017-18** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ജോയിന്റ് ഡയറക്ടർ**

# അനുബന്ധം - 2 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

**മൂവാറ്റുപുഴ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. 2016-17 വർഷത്തെ ബി1 ഷെഡ്യൂളിലെ ജനറൽ ഫണ്ട് തുകയും എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ നീക്കിയിരിപ്പ് തുകയും, 2017-18 വർഷത്തെ ബി-1 ഷെഡ്യൂളിലെ മുന്നിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്ന ചില അക്കൗണ്ടുകളുടെ ബാങ്ക് പാസ്ബുക്ക് ബാലൻസ് തുകയും യഥാർത്ഥ ബാങ്ക് ബാലൻസ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | റീകൺസീലിയേഷൻ പ്രകാരം ബാങ്ക് പാസ്ബുക്ക് ബാലൻസ് തുക | ബാങ്ക് പാസ് ബുക്കിന്റെ 31.03.18-ലെ യഥാർത്ഥ ബാലൻസ് തുക |
|---|---|---|
| എസ്.ബി.ഐ (തനത് ഫണ്ട്) | 26705048 | 26721048 |
| ടി.എസ്.ബി (തനത് ഫണ്ട്) | 3788584 | 367985 |
| ഐ.എച്ച്.എസ് സി.പി | 3546127 | 1046127 |

3. I -1 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് തുക 13512887 /- രൂപയാണ്, RP-1 പ്രകാരമുള്ള കളക്ഷൻ തുക 1,32,93,257 /- രൂപയാണ്. ജീവനക്കാരുടെ തൊഴിൽ നികുതി വൗച്ചർ പ്രകാരം കിഴിവു നടത്തിയത് 219450/- രൂപയാണ് ടി തുകകൾ കൂട്ടിയാൽ ആകെ 13512737 /- രൂപയാണ്. 150 /- രൂപ പിരിക്കുവാൻ ബാക്കിയുള്ളതായി കണ്ടു. എന്നാൽ ടി തുക ബി-15 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

4. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ആകെ ചെലവ് 235552 /- രൂപയാണ്. എന്നാൽ അക്കൗണ്ട്സിൽ RP-14-ൽ 401280 /- രൂപയാണ് ചെലവായി ചേർത്തിരിക്കുന്നത്.

5. റീവാലിഡേറ്റ് ചെയ്യാത്ത കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കായി മാറ്റിയിട്ടില്ല.

6. വാടക (കുടിശ്ശിക,തൻവർഷം) ഡിമാൻഡ്, കളക്ഷൻ തുകകൾ, ഡി.സി.ബി സ്റ്റേറ്റ്മെന്റിലുള്ളത് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല. വിവരം താഴെ ചേർക്കുന്നു.

| **ഇനം** | **അക്കൗണ്ട്സ്** | | **ഡി.സി.ബി സ്റ്റേറ്റ്മെന്റ്** | |
|---|---|---|---|---|
| | **ഡിമാന്റ്** | **കളക്ഷൻ** | **ഡിമാന്റ്** | **കളക്ഷൻ** |
| വാടക-സിവിക് അമിനീറ്റീസ് (തൻവർഷം) | 9895966 | 8918221 | 9866653 | 8953576 |
| ,, കുടിശ്ശിക | 1844553 | 786968 | 810579 | 801968 |
| വാടക-മാർക്കറ്റ് (തൻവർഷം) | 353745 | 329194 | 353745 | 353745 |
| ,, കുടിശ്ശിക | - | - | 255696 | - |
| വാടക-ലോറി, ടാക്സിസ്റ്റാന്റ് (തൻവർഷം) | 198100 | 105100 | 198100 | 198100 |
| ,, കുടിശ്ശിക | - | - | 575144 | 1100 |

| | | | | |
|---|---|---|---|---|
| ലീസ്-റെന്റൽ (തൻവർഷം) | 25000 | 15000 | 25000 | 25000 |

7. ബസ്സ്റ്റാന്റ് ഫീസ് കുടിശ്ശിക തുക അക്കൗണ്ട്സിൽ ചേർത്തിട്ടില്ല. ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ 236547 /- രൂപ കുടിശ്ശിക കാണിച്ചിട്ടുണ്ട്. ടി തുക പിരിച്ചതായി ചേർത്തിട്ടില്ല. എന്നാൽ ബി-15 -ൽ പിരിച്ചെടുക്കുവാൻ തുക ബാക്കിയുള്ളതായി ചേർത്തിട്ടില്ല. ബസ്സ്റ്റാന്റ് ഫീസ് (ഡിമാൻഡ്) തുക 851113 /- രൂപയായും കളക്ഷൻ 561736 /- രൂപയുമാണ്. എന്നാൽ പിരിക്കുവാൻ ബാക്കിയുള്ള തുകയുടെ വിവരം ബി-15-ൽ ഇല്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ പ്രകാരമുള്ള വരവ് തുകകളും അക്കൗണ്ട്സ് പ്രകാരമുള്ള വരവ് തുകകളും പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| | ഇനം | ലെഡ്ജർ പ്രകാരം വരവ് | അക്കൗണ്ട്സ് പ്രകാരം വരവ് |
|---|---|---|---|
| 1. | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 49150 | 35650 |
| 2. | സപ്ലൈയേഴ്സ് ഇ.എം.ഡി | 19750 | 32250 |
| 3. | റെന്റ് ഡെപ്പോസിറ്റ് | 21630007 | 2457507 |
| 4. | ഓക്ഷൻ ഡിപ്പോസിറ്റ് | 1082478 | 1081478 |
| 5. | അദർ ഡെപ്പോസിറ്റ് | 595260 | 575260 |

9. ഷെഡ്യൂൾ ബി-9-ൽ 2018 മാർച്ച് മാസത്തെ ജീവനക്കാർക്ക് കൊടുക്കേണ്ട ശമ്പളവും അലവൻസുകളും ലയബിലിറ്റിയായി ചേർത്തിട്ടില്ല.

10. ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടില്ല.

11. ഷെഡ്യൂളുകൾ ബി-11 ആസ്തികളുടെ വിവരത്തിൽ സ്കൂൾ ബിൽഡിംഗ് എന്ന ഹെഡിൽ 2016-17-ൽ 388465 /- എന്ന് ചേർത്തിരിക്കുന്നു. തൻവർഷം RP-31 ൽ ഈയിനത്തിൽ ചെലവൊന്നും ചേർത്തിട്ടില്ല. എന്നാൽ തൻവർഷം ബി-11-ൽ ഈയിനത്തിൽ 3533933 /- രൂപയും ആകെ ആസ്തിയുള്ളതായി ചേർത്തിരിക്കുന്നു.

12. വസ്തു നികുതി (തൻവർഷം, കുടിശ്ശിക) തുകകൾ അക്കൗണ്ട്സും ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | അക്കൗണ്ട്സ് | | ഡി.സി.ബി സ്റ്റേറ്റ്മെന്റ് | |
|---|---|---|---|---|
| | ഡിമാൻഡ് | കളക്ഷൻ | ഡിമാൻഡ് | കളക്ഷൻ |
| വസ്തുനികുതി തൻവർഷം | 44671994 | 24016166 | 31035174 | 24016166 |
| വസ്തുനികുതി കുടിശ്ശിക | 4388637 | 14198780 | 13636820 (സപ്ലി-അരിയർ) + 4338637 | 1419780 |

.

**ജോയിന്റ് ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ്**